[വാതം, കഫം, കൃമി, അഗ്നിമാന്ദ്യം, വിഷം, വയറടപ്പ്, നേത്രരോഗം, വായുമുട്ടൽ, തണ്ണീർദാഹം, മൂത്രകൃച്ഛ്രം മുതലായവയെ നശിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇംഗ്ലീഷിൽ-(Cubeb pepper) ക്യൂബെബ് പെപ്പർ.]

തക്രധാര-മോരുകൊണ്ടുള്ള ധാര, ഒരു ചികിത്സ.

തക്രം-മോര്, നാലിലൊന്നു വെള്ളം കൂട്ടിയ മോര്.

തക്രവാസനം, തക്രാധിവാസനം-നാരകം.

തക്രസാരം-വെണ്ണ.

തക്ഷകൻ-൧. പ്രധാനപ്പെട്ട എട്ടു സർപ്പങ്ങളിൽ ഒന്ന്, കദ്രുവിൽ കശ്യപന്റെ പുത്രനായ നാഗരാജാവ്.

[തക്ഷകൻ എന്ന സർപ്പാധിപന്റെ അമ്മയെ ഖാണ്ഡവദാഹത്തിൽ അർജ്ജുനൻ കൊല്ലുകയാൽ അയാൾക്കു അർജ്ജുനനോടു വിരോധം നേരിട്ടു. അതു തീർപ്പാൻ തക്ഷകൻ തരം നോക്കിയിരിക്കവെയാണ് കർണ്ണൻ നാഗാസ്ത്രം പ്രയോഗിച്ചതു്. ആ അസ്ത്രത്തിൽ കർണ്ണൻ അറിയാതെ തക്ഷകൻ കടന്നതിൽ അർജ്ജുനന്റെ കിരീടത്തെ മാത്രം നശിപ്പിക്കാൻ തരം കിട്ടി. അതുകൊണ്ടു ഉള്ളിലെ വിരോധം തീരാഞ്ഞു തന്നെ ഒന്നു കൂടി അയക്കണമെന്നു കർണ്ണനോടു തക്ഷകൻ യാചിച്ചു. തൊടുത്ത അസ്ത്രം ഇനിയൊരിക്കൽകൂടി തൊടുക്കുകയില്ലെന്നു കർണ്ണൻ തക്ഷകനെ ഉപേക്ഷിച്ചു. ഉടൻ തക്ഷകൻ സ്വയമേവ ഒരു അസ്ത്രമായി ചെല്ലുകയും കൃഷ്ണൻ പാകയാൽ അർജ്ജുനൻ തക്ഷകനെ കൊല്ലുകയും ചെയ്തു. തക്ഷകന്റെ മകനാണ് അശ്വസേനൻ.]

൨. ആശാരി. തക്ഷകശബ്ദത്തിനു കൃശമാക്കിച്ചെത്തുന്നവൻ എന്നർത്ഥം. ൩. ഭരതന്റെ പുത്രനായ ഗാന്ധാരരാജാവ്. ൪. ദേവകളുടെ ശില്പശാസ്ത്രി.

തക്ഷകം-ഞെരിഞ്ഞിൽ.

തക്ഷൻ-൧. തച്ചൻ, ആശാരി. ൨. സൂത്രധാരൻ.

തക്ഷശിലാ-ഗാന്ധാരരാജാവായ തക്ഷന്റെ പ്രധാനനഗരം, ഒരു പുരം.

[ഇവിടം ജനമേജയനൃപതി അടക്കി എന്നു ഭാരതം.]

തക്ഷശിലാദേശം-ടാക്സില എന്നു വിളിക്കുന്ന ഉത്തരപഞ്ചാബ്.

തക്ഷാവ്-ആശാരി. മരം ചെത്തി ചെറുതാക്കുന്നവൻ എന്നർത്ഥം.

തങ്കക്കട്ടി-പൊൻകട്ടി.

തങ്കക്കാശ്-പൊന്നുകൊണ്ടുള്ള ഒരുവക നാണയം.

തങ്കച്ചി-൧. തിരുവിതാംകൂർ രാജാവിന്റെ പെണ്മക്കളെ വിളിക്കുന്ന പേർ. പുല്ലിംഗം-തമ്പി. ൨. സ്ഥാനപ്പേർ. ൩. അനുജത്തി.

തങ്കത്തകിട്-പൊൻതകിട്.

തങ്കപ്പൂച്ച്-പൊന്നുകൊണ്ട് തേക്കുക.

തങ്കഭസ്മം-സ്വർണ്ണം പുടംവെച്ചതു്.

തങ്കം-൧. മാറ്ററിയ പൊന്ന്. ൨. സ്നേഹം. ൩. ദയ. ൪. കല്യാണാദികളുടെ ഉടി. ൫. ഉടുപ്പ്. ൬. [illegible].

തങ്കമിടുന്നു-പൊന്നുകൊണ്ടലങ്കരിക്കുന്നു, പൊന്നുപൊതിയുന്നു.

തങ്കരേഖ-പൊന്നിലുള്ള വര.

തങ്ങ്-കതിരിന്റെ തടുക്ക.

തങ്ങുന്നു-ചേരുന്നു, തടയുന്നു, ഉണ്ടായിരിക്കുന്നു (പ-മ)

തഗര(ക)-തകരം.

തഗരം-൧. ആവര. ൨. തകരം.

തത-സം. താണജാതികൾ പിതാവിനെ പറയുന്ന ഒരു വാക്ക്. ൨. കറുത്തപ്പിൽ കിടക്കുന്ന ഉരുണ്ട ചളി.

തന്തക്കൂറ്-പിതാവിന്റെ അവകാശം.

തന്തപ്പുഴവൻ-അപ്പൻ. (അടിയിൽ താൽ എന്നതിലെ അപ്പൻ എന്ന പദം നോക്കുക)

തന്തപ്പുഴവൻ എന്ന ശബ്ദം രാജാക്കന്മാരോട് ജനങ്ങൾ ഉപയോഗിക്കുന്നതാണ്.

തന്തലക്കൊട്ടി-ഒരു തൈ.

തന്തവഴി-പിതൃപാരമ്പര്യം.

തന്തി-സം. കയർ ൨. ഫിഡിൽ മുതലായതിലെ കയർ. ൩. പശു ൪. വര, ൫ ൬ വിസ്താരം, വിശാലത.

തന്തി-ചാലിയൻ.

തന്തിക്ക-കഴിച്ചുകൂട്ടുക (സാധിക്ക).

തന്തിപാലൻ-സം. അജ്ഞാതവാസത്തിൽ സഹദേവനുണ്ടായിരുന്ന പേർ. ൨. പശുക്കളുടെ രക്ഷിതാവ്.

തന്തിയാൻ-പിതാവ് (തന്തൻ, തന്തയൻ).

തന്തിരുവടി-അനുഗ്രഹം.

തന്തു-സം. നൂൽ. വിസ്തരിക്കപ്പെടുന്നത് എന്നർത്ഥം ൨. മത്സ്യ. ൩. സന്തതി. ൪. ചിലന്തിവല. ൫. കോർമ്പല ൬. താമരാശയം ൭ പരമാത്മാവ്.

തന്തുകം-കടുക്.

തന്തുകീടം-പട്ടുനൂൽപുഴു.

തന്തുനം, തന്തുനാഗം-സം. മകരമീൻ, ചിറാക ൨. ഭക്ഷ്യം

തന്തുപവ്വം-ശ്രാവണമാസത്തിലെ വെളുത്ത പൗർണ്ണമാസിദിവസം (കൃഷ്ണന്റെ ഉപനയനദിനം).

തന്തുഭം-കടുക്. തണ്ടുകൊണ്ടു ശോഭിക്കുന്നത് എന്നർത്ഥം.

തന്തുരം-താമരവളയം.

തന്തുലം-വിഴാലരി. കൃമിസ്സമൂഹത്തെ കളയുന്നത് എന്നർത്ഥം. [തണ്ഡുലം എന്നതിന്റെ പാഠം]

തന്തുവർദ്ധനൻ-സം. വിഷ്ണു. ൨. ശിവൻ.

തന്തുവാപൻ-നെയ്ത്തുകാരൻ.

തന്തുവായൻ-സം. ചാലിയൻ നൂലുകൊണ്ട് ചെയ്യുന്നവനെന്നർത്ഥം ൨. ചിലന്തി. നൂലിനെ ചെയ്യുന്നവൻ എന്നർത്ഥം.

തന്തുവായം-നെയ്ത്ത്.

തന്തുവിഗ്രഹ-വാഴ.

തന്തുശാല-ചാലിയന്റെ വീട്.

തന്തുസന്തതം-പാകിയ നൂൽ.

തന്തുസാരം-കവുങ്ങ്.

തന്ത്ര-വി. അധീനതയുള്ള.

തന്ത്രകം-പുതിയവസ്ത്രം, കോടിവസ്ത്രം, നെയ്ത്തുതറിയിൽനിന്ന് എടുത്തകാലെ തെരുതായും മുറിക്കാത്തതും അലക്കാത്തതും ആയ വസ്ത്രം [ശബ്ദ-കല്പ.]

തന്ത്രണം-സം നടപ്പുരീതി ൨. രാജ്യാധികാരം.

തന്ത്രതാ-സം ആശ്രയം, വശത, കീഴടക്കം. ൨ രീതിയിൽ കൊണ്ടുവരുക.

തന്ത്രം-സം. മരക്കലം, സൂത്രം ൨. ഉപായം. ൩. വാശ്യത ൪. കുടുക്ക്. ൫. അധീനത ൬. പൂജാക്രമം. ൭. മന്ത്രത്തിലെ ഒരു ഭാഗം ൮. അലക്കാൻ വസ്ത്രം. ൯ ആനന്ദം. ൧൦. പ്രധാനം. ൧൧. പ്രധാനകർമ്മം. ൧൨. സേന ൧൩. ഭോഗ്യം. ൧൪. സിദ്ധാന്തം. ൧൫. ഐശ്വര്യം. ൧൬. നെയ്ത്തുകൾ നൂൽ പാകുക ൧൭ ഉപകരണം. ഉളുക്കൊണ്ടു വിസ്തരിക്കുന്നതിനാൽ ഈ പേർ വന്നു. (തന്തുവിസ്താരം)

തന്ത്രവാപൻ-സം. ചാലിയൻ. ൨. ചിലന്തി

തന്ത്രവായം-നെയ്ത്ത്.

തന്മാത്രം-അ. അണുമാത്രം, അവൻ മാത്രം.

തന്ത്രൃതാ-ഫ. വായു. ൨. രാത്രി. ൩. ഇടി.

തന്വംഗി-ഫ. സുന്ദരി. ൨. മുന്നൂററിനാലു ത്തിആറ് എന്നുള്ള സംഖ്യ

തന്വീ-ഫ. സുന്ദരി. ൨. കറിക്കായ. ൩. മൂവില.

തൻ-വി. തന്റെ.

തന്റെ-താൻ എന്ന സർവ്വനാമപദത്തിന്റെ സംബന്ധികാരൂപം.

തന്റേടക്കാരൻ-ഉററക്കാരൻ,

തന്റേടം-ഉററം, സ്വാതന്ത്ര്യമുള്ള പ്രജ്ഞ.

തപഃക്ലേശസഹൻ - തപസ്സുകൊണ്ടുണ്ടാകുന്ന ക്ലേശങ്ങളെ സഹിക്കശീലമായിട്ടുള്ളവൻ.

തപതി-സൂര്യന്റെ മകൾ, സംവര്ണ്ണന്റെ (സംവരണന്റെ) ഭാര്യ, കുരുവിന്റെ അമ്മ.

തപതി-ഒരു നദി. (Tapti.)

തപന-വി. ൧. ചൂടുള്ള. ൨. എരിയുന്ന. ൩. പ്രകാശിക്കുന്ന. ൪. വേദനയുള്ള.

തപനച്ഛദം-സൂര്യകാന്തിപ്പൂവ്.

തപനകരൻ, തപനദീധിതി- സൂര്യൻ.

തപനതനയൻ-ഫ. സുഗ്രീവൻ. ൨. യമൻ. ൩. കർണ്ണൻ.

തപനതനയാ-ഫ. യമുനാനദി ൨. വന്നി.

തപനതനൂജ യമുനാനദി

തപനൻ-ഫ ആദിത്യൻ ചൂടിനെ ചെയ്യുന്നവനെന്നർത്ഥം ൨. അരുണൻ. ൩. ശിവൻ

തപനം-ഫ പ്രിയവിരഹാവസ്ഥായിൽ കാമദേവശം ഹേതുവായുണ്ടായ ചേഷ്ടം. ൨. ഒരു നരകം. ൩. സ്വർണ്ണം. ൪. ചേരമരം. ൫. സൂര്യകാന്തം. ൬. വെരുകിൻപൂവ്. ൭. ചെറുപുന്ന.

തപനമണി-സൂര്യകാന്തം.

തപനാംശു-ഫ. സൂര്യൻ. ൨. സൂര്യരശ്മി.

തപനീ-ഗോദാവരിനദി.

തപനീയ-വി. ൧. ചൂടുള്ള, ചൂടുപിടിപ്പിപ്പാൻതക്ക ൨, അനുഷ്ഠാനംചെയ്യേണ്ട.

തപനീയ(ക)ം-ഫ. സ്വർണ്ണം, പൊന്ന്. ഇതുതീയിലിട്ടു ചൂടാക്കുന്നതിനാൽ ഈ പേരുണ്ടായി ൨. പൊൻവർണ്ണമുള്ള ഒന്നു്

തപനേഷ്ടം-ചെമ്പു്.

തപം, തപസ്സ്-ഫ. തപിക്ക. ൨. മാഘമാസം. ൩. വേനൽ, ഗ്രീഷ്മഋതു. ൪. ചൂടുണ്ടാക്കുന്നതെന്നർത്ഥം. ൫. ഉഷ്ണം. ൬. നിയമോപവാസാദി കൊണ്ടുള്ള ദൈവസേവ, കൃഛ്രചാന്ദ്രായണാദികർമ്മം. ഇതുകൊണ്ടു തപിക്കുന്നു എന്നർത്ഥം. ൭. ധർമ്മം. ൮. തപോലോകം. ൯. ശിശിരം.

തപസൻ-ഫ. സൂര്യൻ. ൨. ചന്ദ്രൻ.

തപസ്തക്ഷൻ-ഇന്ദ്രൻ.

തപസ്തനൂജൻ-ധർമ്മപുത്രർ. [തപസ്സിന്റെ (യമന്റെ) തനയികൾ (മാഘത്തിൽ) നിന്നു ജനിച്ചവൻ (ഉണ്ടായവൻ) എന്നർത്ഥം.

'പത്രം തപസ്തനുജദേവാധിതിശ്ചയോതെ'
(കിരാതവധം കഥകളി)

തപസ്ത്രയം-ഫ. മാനസം, വാചികം, കായികം. ൨. സാത്വികം (സ്വർഗ്ഗമോക്ഷം ചെയ്യുന്ന തപസ്സ്), രാജസം (ഐശ്വര്യാർത്ഥമുള്ള തപസ്സ്), താമസം (പരപീഡനാർത്ഥം ചെയ്യുന്ന തപസ്സ്)

തപസ്ഥലി-കാശി.

തപസ്യം-ഫ. മീനമാസം, ഫാല്ഗുനമാസം. തപസ്സിനു യോഗ്യമായ കാലം എന്നർത്ഥം. മൌററമ ചൂതുമാം-ഫാല്ഗുനികം. ൨. മുല്ലപ്പൂവ്.

തപസ്വിനി-ഫ. തപസ്സു ചെയ്യുന്നവൾ.

തമാ- ഏററവും കൂടുതൽ എന്നൎത്ഥമുള്ള ഒരു സംസ്കൃതപ്രത്യയം. ഉ-ം, പ്രിയതമം— ഏററവും കൂടുതൽ പ്രിയമായ.

തമാ–പച്ചിലമരം,

തമംഗാ–പ്ര. തട്ടു, തറ, സമനിലം. വ. കളിത്തട്ട്, രംഗസ്ഥലം.

തമയൻ–മൂത്തസഹോദരൻ. തമയൻ > [illegible] (പ. മ.)

തമര്–മരം തുളെക്കുന്ന ഒരുമാതിരി ഉളി [illegible] വിദമ. [illegible]

തമരത്ത–ഒരുവക വൃക്ഷം. [illegible]

തമരം–ഈയം, [illegible]

തമർക്കുറ്–ഉടയസ്ഥാനം.

തമൽ–ഒരു പക്ഷി.

തമല–ഓട്ടുമൊന്ത.

തമസം–പ്ര. ഇരുട്ട്. വ. കിണറ്. ന. ഒരു പട്ടണം.

തമസാ–ഒരു നദി.

തമസ്വതി–പ്ര. മഞ്ഞൾ. വ. രാത്രി.

തമസ്വി-വി. ഇരുളുള്ള.

തമസ്വിനി, തമാ-പ്ര. രാത്രി. ഇരുട്ടുള്ളത് എന്നൎത്ഥം. വ, മഞ്ഞൾ.

തമസ്സ്–പ്ര. ഇരുട്ട്. അജ്ഞതയെ ചെയ്യുന്നതെന്നൎത്ഥം. അന്ധതം. വ. അജ്ഞാനം, മൂഢത. ന. രാഹു. സൂൎയ്യചന്ദ്രന്മാരെ ഭക്ഷിക്കുന്നവൻ, ഇവൻ [illegible] വിഷ്ണു ശിരശ്ഛേദനം ചെയ്തുകൊണ്ടു [illegible], സൂൎയ്യചന്ദ്രന്മാരെ മറയ്ക്കുകകൊണ്ടു ഇരുട്ടിനെ ഉണ്ടാക്കുന്നവൻ ഇങ്ങിനെ ശബ്ദാൎത്ഥം. ശ. പാപം. ൫ പ്രകൃതിയുടെ മൂന്നു ഗുണങ്ങളിൽ ഒന്ന്. മോഹത്തിനു കാരണമായ അജ്ഞതയെ ഉണ്ടാക്കുന്നതു എന്നൎത്ഥം.

തമാ രാത്രി.

തമാൻ [illegible]

തമാല(ക)–പ്ര. പച്ചില, പച്ചിലമരം. വ. നീർമാതളം.

തമാലപത്രം–പ്ര. പച്ചിലമരത്തിൻറെ ഇല. വ. തൊടുകുറി. തമാലപത്രത്തിൻറെ ആകൃതിയിലുള്ളത് എന്നൎത്ഥം.

തമാലം–പ്ര. പച്ചിലമരം. വെട്ടുന്നതു എന്നൎത്ഥം. വ. തൊടുകുറി. ന. വാൾ.

[illegible]

തമാലികാ–കിഴക്കാനെല്ലി. [illegible]

തമാശ്–[illegible]

[illegible]

തമിസ്രം–ഇരുട്ടു. [illegible] ഉള്ളത് എന്നൎത്ഥം.

തമിസ്രാ(വ്)-സൂൎയ്യൻ. ഇരുട്ടിനെ കളയുന്നവൻ എന്നൎത്ഥം.

തമിസ്രാ–പ്ര. ഇരുളുള്ള രാത്രി. വ. മ[illegible]

തമിഴൻ–[illegible]

തമിഴ്–[illegible]

തമിഴ് ദ്രാവിഡഭാഷകളിൽ ഒന്നാകുന്നു. തമിഴ് [illegible] ദ്രാവിഡശബ്ദം [illegible] ദമിള = ദമിഴ = ദ്രാമിഡ = ദ്രാവിഡം. [illegible]

[illegible]

തമിഴ്[illegible]–പ്ര. [illegible]

[illegible]

തരംഗിതം-ഓളം ഉള്ളത്.

തരന്തൻ-രാക്ഷസൻ.

തരന്തം-പു. സമുദ്രം. ൧. തവള.

തരന്തരം-പ്രത്യേകം പ്രത്യേകം, ക്രമം പോലെ.

തരംതിരിച്ചൽ-വേർതിരിച്ചൽ.

തരന്തിരിപ്പ്-വേർതിരിപ്പ്, ഓരോതരത്തിലുള്ളവയെ വേറെ വേറെ തിരിച്ചു വെയ്ക്കുക.

തരന്തിരിയുന്നു-വേറെ വേറെ തിരിയുന്നു. (സ. ക്രി. തരംതിരിക്കുന്നു )

തരംതിരിവ്-വേർതിരിവ്.

തരന്നു-ആയുധങ്ങളിൽ പിടിയിലോട്ടു കേറുന്നതിനുള്ള മുന.

തരംബുജം-തണ്ണിമത്ത.

തരംമാറുന്നു-തരം വേറെ വേറെ തിരിയുന്നു (സ. ക്രി തരംമാററുന്നു.)

തരംമാററം-തരംമാറുക.

തരമാകുന്നു- നല്ല തക്കത്തിലായിത്തീരുന്നു. (സ. ക്രി. തരമാക്കുന്നു.)

തരവഴി, തരവഴിത്തരം-പു. താന്തോന്നിത്തം. ൧. നിന്ദ. ൨. അവമാനം.

തരവാരി-വാൾ.

തരസ-ഇറച്ചി, മാംസം. ബലത്തിന്നാധാരം എന്നർത്ഥം.

തരസാ-അ. വേഗം.

തരസാനം-വള്ളം.

തരസ്ഥാനം-വള്ളക്കടവ്.

തരസ്വീ-വി. പു. വേഗമുള്ള. ൧. തേജസ്സുള്ള. ൨. ശക്തിയുള്ള.

തരസ്വീ-പു. വേഗമുള്ളവൻ. (തരസ്സ=വേഗം) ൧. ശക്തൻ ൨. ശൂരൻ. ൩. പരുന്ത്.

തരസ്സ്-പു. വേഗം. ൧. ശക്തി, പരാക്രമം. അസാദ്ധ്യകാര്യങ്ങളേയും സാധിക്കുന്നതിനാൽ ഈ പേരുണ്ടായി.

തരള-വി. പു. വിറയലുള്ള. ൧. പ്രകാശമുള്ള. ൨. നിസ്സാരമുള്ള.

തരളത-പു. കണ്ണിന്റെ ഇളക്കം ൧. വിറയൽ.

തരളത്വം-പു. വിറയ[illegible]ഇളക്കം. ൧. പ്രകാശം.

തരളം-പു. മുത്തുമാലയുടെയും മററും നടുനായകക്കല്ല്. പ്രഭകൊണ്ടു തമസ്സിനെ തരിക്കുന്നതു് എന്നർത്ഥം. ൧. ഇളക്കം, വിറയൽ. ൨. പ്രകാശം, ശോഭ. ൩. മാണിക്യം.

തരളാ-പു. കഞ്ഞി. അയഞ്ഞതു് എന്നർത്ഥം. ൧. മദ്യം.

തരളാക്ഷ-വി. കണ്ണിന്നിളക്കമുള്ള, സൌന്ദര്യമുള്ള.

തരളിത-വി. ഇളക്കപ്പെട്ട.

തരാതരം-പലമാതിരി.

തരി-പു. മണൽപ്പൊടി ൧. ചെറുതായ തരക്. ൨. വള തള മുതലായ ആഭരണങ്ങളുടെ അകത്തു കിലുങ്ങുന്നതിനായിട്ടിടുന്ന ലോഹശകലം. ൩. ഉലത്തിലെ ചെറിയകമള. ൪. (സം) തോണി, വള്ളം.

തരികം-പൊങ്ങുതടി.

തരിക്കുന്നു-പു. ദേഹത്തിൽ മരവിപ്പുണ്ടാകുന്നു. ൧. രോമാഞ്ചമുണ്ടാകുന്നു (സ. ക്രി. തരിപ്പിക്കുന്നു.) ൨. കടക്കുന്നു.

തരിത-വി. അക്കരെകടത്തപ്പെട്ട.

തരിതണം-പു. തഴുതണം ൧. ഒരുമാതിരി പുഴുക്കടി. ൨. മരപ്പ്; ചെരിപ്പ്.

തരിതാ-പു. ചൂണ്ടാണിവിരൽ. ൧. വെളുള്ളി.

തരിപ്പ്-പു. ദേഹത്തിൽ തരിപ്പുണ്ടാവുക. ൧. രോമാഞ്ചം.

തരിപ്പണം-വറുത്തുപൊടിച്ച അരി.

തരിപ്പൻ ചെറിമീൻ.

തരിപ്പുപ്പല്ല്-മൾ.

തരിപ്പവാതം-ഒരുമാതിരി വാതരോഗം

തരിപ്പെടുന്നു-തരിയായിത്തീരുക.

തരിമണൽ-പൊടിമണൽ

തരിമ്പു-വി. അല്പം, കുറെ.

'പരവശമവനൊരു തരിമ്പുമില്ല'

(കിരാതം തുള്ളൽ)

തരിവള-തരിയിട്ട കൈവള.

തരിശു-വി. പാഴായ, വാഴാത്ത.

തരിശുനിലം-വാഴാത്തനിലം.

തരീഷം-പ്ര. സമുദ്രം. ദ്വി. ആകാശം ത്രി. അലംകരണം.

തരു-പ്ര. വൃക്ഷം. വെയിലിനെ തട്ടുന്നു കഴിച്ചുകൂട്ടുന്നതു് എന്നർത്ഥം. ദ്വി. അതി വേഗം. [വേദത്തിൽ പ്രയോഗം.]

തരുണ-വി. പ്ര. യൌവനമുള്ള. ദ്വി. ചെറിയ. ത്രി. പുതിയ.

തരുണകം-മുള, കിളുന്നു.

തരുണജ്വരം-ഒരാഴ്ചവട്ടം നില്ക്കുന്നപനി.

തരുണദധി-അഞ്ചുദിവസം ചെന്ന കട്ടിയായ പാൽ.

തരുണൻ-യൌവനയുക്തൻ. ദുഷ്കരമായ കാര്യങ്ങളെക്കൂടി സാധിക്കുന്നവൻ എന്നർത്ഥം. മററു പര്യായങ്ങൾ-വയസ്ഥൻ, യുവാവു്.

തരുണം-പ്ര. പെരുഞ്ജീരകം ദ്വി. വെള്ള അംവണക്ക്. ത്രി. അവസരം. ഉ-ം, ഇതതരുണമൽ.

തരുണി പ്ര. യൌവനമുള്ളവൾ കന്യാവസ്ഥയെ കടന്നവൾ എന്നർത്ഥം. മ റൊരു പര്യായം-യുവതി (൧൬ വയസ്സുവരെ) ദ്വി. സ്ത്രീ. ത്രി. ചെറിയ ചേരി. ച. മുള്ളചെമന്തി. ഞ്ച. കറവാഴ. ഷ. ത്രു. ചെറുജീരകം.

തരുണീകടാക്ഷമാമം, തരുണീകടാക്ഷമാലം-മരിക്കൊഴുന്തു.

തരുതടം വൃക്ഷത്തിന്റെ ചുവട്.

തരുതലം-ഞ മരനിരപ്പുകൾ.

തരുതലം-വൃക്ഷത്തിന്റെ ചുവട്.

തരുതൂലികാ-പഞ്ഞി.

തരുനഖം-മുള്ളുച്ചെടി.

തരുന്നു-നല്കുന്നു (അ. ക്രി. [illegible] മാനം)

തരുമൃഗം-മൃഗത്തെ സംബന്ധിക്കുന്ന വൃക്ഷകങ്ങളുടെ ചോരം.

തരുമൂലം-വൃക്ഷത്തിന്റെ ചുവട്.

തരുമൃഗം കുരങ്ങ്.

തരുരാജൻ-കരിമ്പന

തരുരാജാവു്-പാരിജാതവൃക്ഷം.

തർക്കൻ-തർക്കിക്കുന്നവൻ, ശാഠിക്കുന്നവൻ.

തർക്കം-പ്ര. വിവാദം. ദ്വി. സംശയം. ത്രി. തർക്കശാസ്ത്രം. ച. ഊഹം [തർക്ക-ഊഹം എന്ന അർത്ഥത്തിൽ നിന്നുണ്ടായതാണ് അറിയപ്പെടാത്ത, ഊഹിച്ച അറിയപ്പെടാത്ത സംശയങ്ങളെ നിർണ്ണയിക്കുന്നതു് എന്നർത്ഥം.] ഞ്ച. വിരോധം.

(പ്രതിജ്ഞ, ഹേതു, ഉദാഹരണം, ഉപനയം, നിഗമനം ഇവയഞ്ചും തർക്ക വയവപാചകം.)

തർക്കവിദ്യ-തർക്കശാസ്ത്രം

പ്രത്യക്ഷാദിപ്രമാണങ്ങളെക്കൊണ്ടു സിദ്ധമായ വസ്തുവിനെ യുക്തിബലംകൊണ്ടു പരിശോധിച്ചു ഉറപ്പിക്കുന്ന പ്രകാരം തർക്കവിദ്യയുടെ പ്രയോജനം

തർക്കശാസ്ത്രം-തർക്കത്തിനുള്ള ശാസ്ത്രം.

തർക്കാരി-പ്ര. പച്ചക്കറികൾ, (ഉപ്പേരിവക) ഉപദംശം എന്നു പ്രയോഗം. 'തർക്കാരി' എന്നും പറയുന്നു. ഈ ശബ്ദം സംസ്കൃതമായിട്ടിരിപ്പാൻ ഇടയില്ല. ദ്വി. മുഞ്ഞ [illegible] ത്രി. മുഞ്ഞ.

തർക്കി-തർക്കശാസ്ത്രമറിയുന്നവൻ.

തഴമ്പ്- ആയുധങ്ങളും മുതലായവയുടെ പെരുമാററം മുതലായതു ഹേതുവായിട്ടു ശരീരത്തിൽ ഉണ്ടാകുന്ന തൊലിക്കട്ടി.

തഴയ്ക്കുന്നു-വർദ്ധിക്കുന്നു, വളരുന്നു. (സ. ക്രി. തഴപ്പിക്കുന്നു.) (പ-മ.)

തഴി-എണ്ണയിൽ മുക്കി വ്രണത്തിൽ ഇടുന്ന തുണി.

തഴുകൽ-ആശ്ലേഷം, ആലിംഗനം.

തഴുകുന്നു- കെട്ടിപ്പിടിക്കുന്നു, ആശ്ലേഷം ചെയ്യുന്നു, പുണരുന്നു, തലോടുന്നു. (പ-മ.)

തഴുത്-൧. സാക്ഷ ൨. ഓടാമ്പൽ.

തഴുതണം, തഴുതണ്ണം-ഒരുവക ദീനം

തഴുതാമ-ഒരു പച്ചമരുന്ന്.

തഴുതാവൽ-ഒരു പച്ചമരുന്ന്.

തഴ്ത്ത-തഴച്ച. (പ-മ.)

തഴൈ-തഴ=മയിൽപീലി. (പ-മ.)

തറ-൧. പടുത്തുണ്ടാക്കിയ സ്ഥലം, സ്ഥലം ൨. ആണിതറപ്പ്. (പ-മ.)

തറകെട്ട്-വീട്ടിന്റെ അസ്ഥിവാരം ഇടുക, കല്ലുകെട്ടുക.

തറച്ചിൽ-൧. ആണിയും മററും തറയ്ക്കുക. ൨. പററിഉറയ്ക്കുക.

തറയുന്നു-ഉറയ്ക്കുന്നു. (സ. ക്രി. തറയ്ക്കുന്നു. കാ. ക്രി. തറപ്പിക്കുന്നു)

തറയ്ക്കുന്നു-൧. ആണിയും മററും അടിച്ചു കേററുന്നു. ൨. ഉറപ്പിക്കുന്നു. (കാ. ക്രി. തറയ്പ്പ്)

തറയ്പ്പ്-ആണിഅടിച്ചു കേററുക.

തറവാട്-൧. കുടുംബം ൨. ഭവനം.

തറവാടി-തറവാട്ടുകാരൻ.

തറവാട്ടുമുതൽ-കുടുംബസ്വത്ത്, വീട്ടുമുതൽ.

തറി-൧. നൂല് നൂല്ക്കുന്ന തറിമരം. ൨. തൂണ്. ൩. കാൽ. ൪. തരം, ജാതി.

തറിക്കുന്നു - മുറിച്ചുകളയുന്നു, മുറിക്കുന്നു. (പ-മ.)

തറിച്ചക്ക-കറിക്കുവെട്ടിയ ചെറിയചക്ക

തറിനാക്ക്-തറിമരത്തുണ്ട്.

തറിപ്പ്-മുറിച്ചുകളക.

തറിമുറണ്ട്-ന്യായമല്ലാത്ത സിദ്ധാന്തം, ശാഠ്യം.

തറിയിടുന്നു-൧. തറിമരം നാട്ടുന്നു. ൨. പത്തൽ നാട്ടുന്നു.

തറുതക്കട്ടം-സിദ്ധാന്തം.

തറുതല-ദുർയ്യുക്തി.

തറുന്നു-താറടുക്കുന്നു.

തറുപ്പ്-പൊടിതുടപ്പാൻ രോമം പറിച്ചുണ്ടാക്കിയ സാധനം.

തറുവിക്കളഞ്ഞു-ഒളിച്ചുപോയി.

തററുടുക്കുന്നു- ഞൊറിഞ്ഞു താറുവച്ചുടുക്കുന്നു.

താററുടുപ്പ്-ഞൊറിഞ്ഞുടുപ്പ്; തററുടുക്കുക

## താ

താ-തന്നാലും, തരിക.

താകരം-ചാരായം.

താക്കരി-വലിയ കള്ളൻ.

താക്കി-സാക്ഷി.

താക്കിഴായ്-തഴുത്.

താക്കീതു-ശാസന, മാപ്പ്.

താക്ക്-൧. അടി, മുട്ട്. ൨. സമയം, തക്കം. ൩. മുഴക്കം.

താക്കുക- അടിക്കുക, മുട്ടുക, മുഴക്കുക. (പ-മ.)

'വാമഭാഗമൊരുമിച്ചുതാക്കിയും'

(ഭാഷാനൈഷധചമ്പു)

താക്കഴ-സാക്ഷ.

താക്കോൽ-താഴ തുറപ്പാൻ ഇരുമ്പുകൊണ്ടുണ്ടാക്കുന്ന ഒരു വസ്തു.

താക്ഷ്ണ്യൻ, താക്ഷ്യായനൻ-ആശരിയുടെ മകൻ.

താമരവളയം—താമരയുടെ തണ്ടു്, പത്മ്യങ്ങളും മൂന്നാളും, ബിസം

പിത്തം, ജ്വരം, രക്തദോഷം, മൂത്രകൃച്ഛ്റം, സർവ്വാംഗസന്താപം, ഛർദ്ദി, നേത്രരോഗം ഇവ ശമിക്കും. മുലപ്പാൽ അധികമാക്കും. മുടികളെ കൊള്ളാം. വിഷ്ടംഭിയാണു്. മലത്തെ പിടിപ്പിക്കും വാതകഫശുക്രങ്ങളെ വർദ്ധിപ്പിക്കും ഇം The fibrous root of a lotus ദി ഫൈബ്രസ് റൂട്ട് ആഫ് എ ലോട്ടസ്.

താമരസം—പ്ര താമര. തമ്യത്തുമുകളിൽ (തളന്നുവരാൽ) തചിക്കപ്പെടുന്നതു്, താമരം=ജലം. ജലത്തിൽ ഉറങ്ങുന്നതു് ഇങ്ങിനെ ശബ്ദാർത്ഥം വണ്ടുകളാൽ തചിക്കപ്പെടുന്നതെന്നുമാകാം. വ. ചൊന്. ന. ചെമ്പ്. ര. ഉല്പലമാല എന്ന വൃത്തത്തിന്റെ മറെറാരുപേർ.

താമരസാക്ഷി—വി. താമരപ്പൂപോലെ കണ്ണുള്ള.

താമരസാക്ഷൻ—വിഷ്ണു.

'താമരസാക്ഷന്റെ മമതൊടൊഴിഞ്ഞു'

(കല്യാണസൌഗന്ധികം തുള്ളൽ)

താമലകി—ഒരു പച്ചമരുന്നു്, കിഴുകാനെല്ലി, കീഴാനെല്ലി. തമിഴിൽ-അരനെല്ലി. ചെറിയനെല്ലി എന്നർത്ഥം.

താമസ—വി. മൂഢതയുള്ള.

താമസൻ—മൂഢൻ.

'താമസനായ ദശാനനാശ്രമം'

(രാമാ.)

താമസം—പ്ര. പച്ചില. വ. പാമ്പു്. ന. മൂങ്ങ.

താമസം—പ്ര, നേരമായിപ്പോക, താമസിക്ക. (സം) വ. മൂഢത ന. മടി. ര. കോപം.

താമസശീല—വി. മൂഢതയുള്ള.

താമസി—പ്ര ഇരുട്ടു് അധികമായ രാത്രി.

മറെറാരുപൎയ്യായം-തമിസ്രം വ. ഉഗ്രം. ന. നിരൃതിയുടെ ഭാൎയ്യ.

താമസിക്കുന്നു—പ്ര നേരംകുടപ്പോകുന്നു. വ. പാൎക്കുന്നു. ന. സമയംതെറ്റിക്കുന്നു. ര ചെയ്യാൻ മടിച്ചിരിക്കുന്നു. [സം. ക്രി താമസിപ്പിക്കുന്നു.]

താമിസ്രം—ഇരുട്ടുള്ള നരകം.

'താമിസ്രപ്രായമകിടനരകപ്പെരുവഴികളെ'

(രാമാ.)

താംബൂലപാത്രം—വെററിലത്തിറി.

താംബൂലപേടിക—വെററിലപ്പെട്ടി.

താംബൂലം—വെററില.

താംബൂലവല്ലി, താംബൂലവള്ളി—വെററിലക്കൊടി.

താംബൂലി—വെററിലക്കൊടി മനുഷ്യനു മുളയിയും ആസക്തിയും ചെയ്യുന്നു എന്നർത്ഥം.

താംബൂലികൻ—വെററിലവില്ക്കുന്നവൻ.

താമ്ര—വി. ചെമ്പുനിറമായ, ചെമ്പു, അല്പം ചെമന്ന

താമ്രകൎണ്ണിക—ചെമകണ്ണി.

താമ്രകം—ചെമ്പു്. ആശ്രയിക്കപ്പെടുന്നതു് എന്നർത്ഥം.

ഒന്നും എന്ന ഒക്രമതാഴ്ചകൾ.

താമ്രകുട്ടി—വരുണന്റെ ആനയുടെ പിടി ചെമ്പുനിറമുള്ള ചെവിയോടു കൂടിയതു എന്നർത്ഥം.

താമ്രചൂഡകൻ—ചെമ്പുകൊണ്ടു പാത്രമുണ്ടാക്കുന്നവൻ എന്നർത്ഥം

താമ്രകവര—വി. ചെമ്പിച്ചു കവരുന്നുള്ള

താമ്രക്ഷീരം—ചെമ്പിച്ചുകറുത്ത

താമ്രപ്രഭ—ഋഷഭാരംഭം.

താമ്രചൂഡം—പ്ര. കോഴി, പൂവൻകോഴി. തലയിൽ ചെമന്ന പൂവുള്ളതു എന്നർത്ഥം വ കക്കാവൃക്ഷം.

തിക്ത—വി. കയ്പുള്ള.

തിക്തകം—൧. പടവലം. രൂപാന്തരത്തിൽ തിക്തരസയോഗമുള്ളതെന്നർത്ഥം. ൨. നിലവേപ്പ്. ൩. വേപ്പ്. ൪. ഓടമരം.

തിക്തം—൧. കയ്പുരസം. മുഖത്തെ ശുദ്ധിവരുത്തുന്നതു എന്നർത്ഥം. കഫത്തെ അല്പമാക്കിച്ചെയ്യുന്നതു എന്നുമാകാം. ൨. കുടജവൃക്ഷം, ൩. പർപ്പടകപ്പുല്ല്. ൪. നീർമാതളം.

തിക്തശാകം—൧. കയ്പച്ചീര ൨. നീർമാതളം. വളരെക്കാലം ഒരേ നിലയിൽ നില്ക്കുന്നതിനാൽ കുമാരതുല്യം എന്നർത്ഥം.

തിക്താദ്വയം—ചുണ്ടയും പടർചുണ്ടയും

തിക്തീകരിക്ക—കയ്പുതോന്നിക്ക, വെറുപ്പിക്ക.

തിഗ്മ വി. ൧. ചൂടുള്ള. ൨. തീക്ഷ്ണമുള്ള,

തിഗ്മകരൻ, തിഗ്മദീധിതി, തിഗ്മരശ്മി, തിഗ്മരുക്—സൂര്യൻ,

തിഗ്മം—൧ അത്യുഷ്ണം. ൨ കടുപ്പം. ൩. മൂർച്ച

തിഗ്മാംശു—൧. സൂര്യൻ. ൨. അഗ്നി. ൩. ശിവൻ.

തിങ്കൾ—൧. ചന്ദ്രൻ. ൨. തിങ്കളാഴ്ച. ൩. മാസം.

തിങ്കൾ, തിങ്ങൾ—മാസം.

'മുക്കാലുന്നാംവ്രതവുമൊരുതിങ്കൾക്ക'
(മയൂരസന്ദേശം)

തിങ്കൾക്കിടാവ്—ചന്ദ്രക്കല.

തിങ്കളാഴ്ച— ഏഴാഴ്ചകളിൽ രണ്ടാമത്തെ ആഴ്ച.

തിങന്തം—സംസ്കൃതത്തിൽ ക്രിയാപദങ്ങൾക്കുള്ള പേർ.

തിങ്ങൽ—തിക്കൽ.

തിങ്ങൾക്കുറുമീൻ—ഒരുമാതിരി ചെറിയ മീൻ.

തിങ്കൾമീൻ— സാമാന്യം മത്സ്യത്തിൻെറ രൂപമുണ്ട്. ബലത്തെ വർദ്ധിപ്പിക്കും. വിശേഷിച്ച രുചിയെ ഉണ്ടാക്കും. ഇതു വൃത്താകൃതിയാണ്. ഇരുപുറവും മുള്ളു കാണും, സം—ചന്ദ്രികം.

തിങ്ങൾഭജനം—മാസംതോറും ചെയ്യുന്ന ഭജനം.

തിങ്ങുകൾ—ക്രിയാപ്രത്യയങ്ങൾ.

തിങ്ങുന്നു—൧. ഞെരുങ്ങുന്നു. ൨. നിറയുന്നു. [സ. ക്രി. തിക്കുന്നു.]

തിജിലൻ—൧. ചന്ദ്രൻ. ൨. രാക്ഷസൻ.

തിടപ്പള്ളി—ക്ഷേത്രത്തിലെ അടുക്കളപ്പുര

തിടം—൧. ശക്തി, ബലം. ൨. ഉറപ്പ്, ധൈര്യം, കരുത്ത്, തിറം. ൩. പുഷ്ടി.

തിടമെനവേ—ദൃഢമായി.

തിടമ്പ്—൧. ശരീരം, ൨. ക്ഷേത്രങ്ങളിൽ എഴുന്നെള്ളിപ്പിനു ഉപയോഗിക്കാറുള്ള ദേവവിഗ്രഹം, ബിംബം.

'അമ്പലത്തിനകത്തുചെന്നെഴുന്നള്ളിത്തിടമ്പു പറിക്കയും' (ത്രിപുരദഹനം തുള്ളൽ)

തിടിക്കെനെ—പെട്ടെന്ന്.

തിടീനെ—പൊടുന്നനവെ,

തിട്ടക്കപ്പെടുന്നു—൧. പരിഭ്രമിക്കുന്നു. ൨. സംഭ്രമിക്കുന്നു

തിട്ടക്കം—൧. പരിഭ്രമം. ൨. സംഭ്രമം. ൩. കുഴപ്പം.

തിട്ടതിട്ടക്കം—൧. വലിയ കുഴപ്പം. ൨. പരിഭ്രമം.

തിട്ടതിടേ—അ. പരിഭ്രമത്തോടെ, സംഭ്രമത്തോടെ, കുഴപ്പത്തോടെ, ധൃതിയായിട്ട്.

തിട്ട്—ഉറപ്പ്.

തിട്ട—൧. ഉയർത്തിക്കെട്ടിയസ്ഥലം. ൨. [illegible],

തിട്ടതി—൧ മട്ട്. ൨. പരിഭ്രമം, ദുഃഖം, ഭാഗ്യദോഷം.

തിരിനീട്ടുന്നു-ക്രി. തിരിച്ചുണ്ടുന്നു, വിള ക്കിലെ ദീപംതെളിക്കുന്നു. ര. ഉത്സാഹി പ്പിക്കുന്നു.

തിരിപ്പ്-ചുററിപ്പ്.

തിരിപ്പടി-ന. വഞ്ചന. ര. ഉപായം.

തിരിപ്പടിഎടുക്ക-ചതിക്ക.

തിരിപ്പൻ-ന. മരമുടി, സ്ത്രീകൾ തലമു ടിയുടെ കൂടെ വെച്ചുകെട്ടുന്ന കരിമ്പടം മുതലായവ, ര. തികഞ്ഞവൻ, കള്ളൻ.

തിരിപ്പന്ന-ഒരു പച്ചമരുന്ന്.

തിരിമാലി-ന. വഞ്ചന ര. ഉപായം.

തിരിമാലിത്തരം - വഞ്ചിക്കുന്ന സ്വഭാ വം. ര. ഉപായശീലം.

തിരിയുന്നു-ക്രി. ചുററുന്നു. ര. അലയുന്നു. ന. മറിയുന്നു. ര്. തെണ്ടുന്നു, ഇരന്നുനട ക്കുന്നു. ഇ. അറിയുന്നു. ന്യ. നല്ലതും ചീ ത്തയുംവേർപെടുത്തുന്നു. [സ-ക്രി-തിരി ക്കുന്നു.] ൬. മാറുന്നു.

തിരിയുഴിച്ചിൽ-തിരികൊളുത്തിഉഴിക

തിരിയെ, തിരികെ-അ. വീണ്ടും.

തിരിവ്-ന. ചുററൽ. ര. അറിവ്. ന. കല്ലുനാണയം. ര്. നല്ലതും ചീത്തയും തിരിഞ്ഞുവച്ചിട്ടുള്ളതിൽചീത്തയായത്.

തിരുശുമാനം-വഞ്ചന, ഉപായം.

തിരീടം-ന ഒരു പച്ചമരുന്നു, പാച്ചോ ററി. ലോദ്ധ്രശബ്ദം എന്നർത്ഥം. ര. സ്വപ്നം.

തിരു-വി. പുണ്യമുള്ള. ര. ശുദ്ധമുള്ള. ന. മാനമുള്ള.

തിരുകാണി-കമ്മായുടെയും മററും വിരി ഞ്ഞ തിരിക്കുന്നഭാഗം.

തിരുകൽ-ഇടയിൽ തള്ളിക്കേററുക, ഉറ ക്കുക.

തിരുകുന്നു-ഇടയിൽ തള്ളിക്കേററുന്നു, ഉറ പ്പാക്കുന്നു.

തിരുകററി-പുഴിക്കററി.

തിരുക്കാണി-രാജാവിനു കൊടുക്കുന്ന സ മ്മാനം.

തിരുക്കപ്പൂവ് - ഒരാഭരണം. (തലമുടി യിൽ അണിയുന്നതു്. പൂവിന്റെ ആകൃതിയാ യിരിക്കും)

തിരുടൻ-കള്ളൻ.

തിരുത-ന. ഒരുവക മത്സ്യം. ര. തെരു ളുടെ പേർ.

തിരുതാളി-ഒരുവള്ളി.

തിരുത്തു്, തിരുത്തൽ-ഗ്രന്ഥങ്ങളിലും മററും പിഴയുള്ളതു നീക്കി വേറെ എഴു തുക, ശരിയാക്കൽ.

തിരുനാമപ്പാല, തിരുനാമപ്പാല- ഒരു മരുന്ന്.

തിരുനാമം-പുണ്യനാമം, ശുദ്ധമുള്ളനാമം

തിരുനാവ-ബ്രാഹ്മണർ വേദം പഠിക്കുന്ന ഒരു മുഖ്യസ്ഥലം.

പണ്ടുനമ്പൂതിരിമാർ തിരുനാവായിൽ ഒരാളെ തെരഞ്ഞെടുത്തു രാജ്യഭാരം ചെ യ്യുന്നതിനു അവരോധിപ്പാൻ നമ്പൂതി രിമാരും ഇതര ജാതിക്കാരും ഒന്നിച്ചുചെ രേണ്ടതിലേക്ക തിട്ടപ്പെടുത്തിയസ്ഥലം.

തിരുനാവൊഴിക-കല്പിക്കുക.

തിരുനാൾ-രാജാവു മുതൽപേരുടെ പിറ ന്നാൾ.

തിരുനീർ-ചാണകം ചുട്ടുണ്ടാക്കിയ ഭസ്മം.

തിരുനെൽവേലി-ഒരു ദിക്ക്.

തിരുനെററി- ന. രാജാക്കന്മാരുടെയും മററും നെററി. ര. ദേവ പ്രതിമകളുടെ യും നെററിയുള്ള സ്ഥലം.

തിരുമനസ്സ്-ന. രാജാക്കന്മാരുടെയും മ ററും മനസ്സ്. ര. രാജാക്കന്മാരെയും മററും പറയുന്ന ഒരു ബഹുമാനവാക്ക്.

തിരുമാടമ്പ്-രാജാക്കന്മാർക്ക് പൂണൂ ലിടുന്ന കർമ്മം.

തിരുമംസം-മരടിയന്ത്രം, ചണ്ഡം.

തിലതണ്ഡുലന്യായം- എള്ളും അരിയുംകൂട്ടിക്കലത്തിയാലുള്ള സ്ഥിതി.

തിലപർണ്ണി-ഫ. രക്തചന്ദനം.

തിലപർണ്ണി എന്ന നദിയുടെ തീരത്തിലുണ്ടാകുന്നതിനാൽ രക്തചന്ദനത്തിനു തിലപർണ്ണി എന്നു പേരുണ്ടായി.

വ. ഒരു നദി.

തിലപിഞ്ജം-കായ്ക്കാത്ത എള്ള്, കാട്ടെള്ള്. ഫലമില്ലാത്ത തിലം എന്നർത്ഥം.

തിലപുഷ്പം-എൾപ്പൂവ്.

തിലപേജം-കായ്ക്കാത്ത എള്ള്, കാട്ടെള്ള്. ഫലമില്ലാത്ത തിലം എന്നർത്ഥം.

തിലം-എള്ള്.

തിലംതുദൻ-വാണിയൻ, എണ്ണ വില്ക്കുന്നവൻ.

തിലരസം-നല്ലെണ്ണ.

തിലഹോമം - പ്രേതമുക്തിക്കുള്ള ഒരു കർമ്മം

തിലിത്സം, തിലിത്സം- പെരുമ്പാമ്പ്, മലമ്പാമ്പ്, മണ്ഡലി. ഒളിച്ചുനടക്കുന്നതു എന്നർത്ഥം.

തിലു-ഒരു തൈ.

തിലുങ്ക്-ഫ. ഒരു ദേശം. വ. തെലുങ്കുദേശത്തെ ഭാഷ.

തിലുങ്കൻ- തിലുങ്കുദേശത്തുള്ളവൻ

തിലുങ്കച്ചെട്ടി-തിലുങ്കുദേശത്തുള്ള ശൂദ്രൻ.

തിലോത്തമ-ഫ. സ്വർഗ്ഗത്തിലെ അപ്സരസ്ത്രീകളിൽ ഒരുവൾ.

തിലോദകം-ഉദകക്രിയ.

തില്ല്-ചീത്ത, നന്മയില്ലായ്ക. തല്ല് ▷ <തില്ല്.

തില്ല്യം-എള്ളുവിളയുന്നിടം. മറ്റൊരു പര്യായം-തൈലീനം.

തില്വം-ഒരു പച്ചമരുന്ന്, പാച്ചോറ്റി. ശ്രീ വരുത്തുന്നതു എന്നർത്ഥം.

തിവക്കുന്നു-തിളയ്ക്കുന്നു.

തിഷ്യകേതു-ശിവൻ.

തിഷ്യഫലാ-നെല്ലിവൃക്ഷം. മംഗളകരമായ ഫലത്തോടുകൂടിയതു എന്നർത്ഥം.

തിഷ്യം-ഫ. പൂയം, എട്ടാംനക്ഷത്രം. സന്തോഷത്തെ ചെയ്യുന്നതു എന്നർത്ഥം. വ. കലിയുഗം.

തിള-ആർദ്രമായുള്ള വസ്തുക്കൾ ഒരു പാത്രത്തിൽ പകർന്നു അടുപ്പിൽവച്ചു തീകത്തിച്ചാൽ തീയുടെ ശക്തികൊണ്ടു മേല്പെട്ടു പൊങ്ങിവരുന്നതിനു പറയുന്ന പേർ.

തിളക്കം-പ്രകാശം. [തുളക്കം, തെളക്കം എന്ന രൂപങ്ങളുമുണ്ട്].

തിളങ്ങുക-പ്രകാശിക്കുക (ശോഭിക്കുക).

തിളതിളപ്പ്-അധികം.

തിളയ്ക്കുന്നു-ആർദ്രമായുള്ളവസ്തുക്കൾ ഒരു പാത്രത്തിൽ പകർന്നു അടുപ്പിൽ വച്ചു തീകത്തിക്കുമ്പോൾ തീയുടെ ശക്തികൊണ്ടു മേല്പെട്ടു പൊങ്ങുന്നു, തികയ്ക്കുന്നു [സ. ക്രി-തിളപ്പിക്കുന്നു].

തിളയ്പ്-തികയ്ക്കുക, തിളയ്ക്കുക.

തിളെക്കുക-തിക്കുക, തിങ്ങുക.

തിറ-കരം, കപ്പം.

'മന്നകമ്പടിനടത്തിവീരരോടു തിറമോ തിറനൽകുവാൻ'

(ഉത്തരരാമായണം ചമ്പു)

തിറക്കേട്-സാമർത്ഥ്യക്കേട്, മിടുക്കില്ലായ്മ.

തിറം-ഫ. മിടുക്ക്, സാമർത്ഥ്യം. വ. പ്രത്യേക സാമർത്ഥ്യം. ന. ഭംഗി. ൪. ദാർഢ്യം.

തിറണ്ട്-ചെറിയതൊണ്ടാട്ടം.

തിറമ്പുക-മറുക്കുക.

തിറവിയ-വി. വലുതായ.

## തീ

തീ-ഫ. പഞ്ചഭൂതങ്ങളിൽ ഒന്ന്, അഗ്നി. വ. കൊടുവേലി. പര്യായത്തിനു അഗ്നിശബ്ദം നോക്കുക.

തീട്ടു്-ചില രാജാക്കന്മാരുടെയും മററും എഴുത്തിനു പറയുന്ന പേർ.

തീട്ടം-മലം.

തീട്ടക-മൂണ്ടുക [തീട്ടിപ്പറക=മൂണ്ടിപ്പറക.]

തീട്ടവര്, തീട്ടൂര്, തീട്ടൂരം-കൊച്ചീരാജാവിന്റെ എഴുത്തു്.

തീണ്ടൽ-അശുദ്ധി.

തീണ്ടാനാഴി, തീണ്ടാർമാഴി, തീണ്ടാമഴി-ഒരു ചെടി, മുക്കററി, തൊട്ടാവാടി.

തീണ്ടാപ്പാട്ട്-തീണ്ടാതെ ഇരിക്കേണ്ടുന്നോളമുള്ള അകലം.

തീണ്ടാമതി-തീണ്ടാപ്പാട്ട്.

തീണ്ടാരി-സ്ത്രീകൾക്കു മാസന്തോറമുണ്ടാകുന്ന ഋതുകാലം, സ്ത്രീകൾക്കുള്ള അശുദ്ധി, വിലക്കം, മാസക്കളി.

തീണ്ടായിരിക്കുന്നവൾ=രജസ്വല, സ്ത്രീധമ്മിണി, അവി, ആത്രേയീ മലിനീ, പുഷ്പവതീ, ഋതുമതി, ഉദക്യ. തീണ്ടാരിമാറിയ സ്ത്രീ=നിഷ്കളം, വിശതാത്മവാ.

തീണ്ടാരിക്കുന്നു-ഋതുവാകുന്നു, വിലക്കമിരിക്കുന്നു.

തീണ്ടിക്ക-അശുദ്ധിയാക്കുക.

തീണ്ടിക്കളി-നീചന്മാരോടടുത്തു് അശുദ്ധിയായാലുള്ള കളി.

തീണ്ടിടുക-കൃഷിക്കുപയോഗമുള്ള ഒരു പണി.

തീണ്ട് ഇടൽ നന കൃഷികളിൽ ആവശ്യമാണു്. ഒരു പ്രസ്താവിക്കുന്ന മാതിരിയാണു് തീണ്ടിടുന്നതു്. മണ്ണു മാടങ്ങളിന്മണ്ണും ഇളക്കി പൊടിയാക്കി കളകൾ പെറുക്കിയതിൽപിന്നീടു ചൂട്ടുകൊണ്ടു നിലത്തിന്റെ ഒരു വശത്തു ഒരു ചാലുകീറണം. ചാലു രണ്ടടിക്കായി കീറിയാൽ മാലപ്പെടുത്തുന്ന പലക വലത്തുവശമായിട്ടുകൊണ്ടു വലത്തുവശം പടിഞ്ഞാറോട്ടായി മണ്ണു മറിയുന്നു. നിലത്തിന്റെ ഒടുക്കൽ എത്തുമ്പോൾ കലപ്പയെ വലത്തോട്ടു തിരിച്ചു ആദ്യത്തെ ചാലിൽ നിന്നും ഒരടി അകലമായി വേറെ ഒരു ചാലു കീറുക. ഈ ചാലിൽ നിന്നു മറിയുന്ന മണ്ണു കിഴക്കോട്ടു മറിഞ്ഞു മുമ്പു പടിഞ്ഞാറോട്ടു മറിഞ്ഞുകിടക്കുന്ന മണ്ണിനോടു മറിഞ്ഞുചേർന്നു ഒരു തീണ്ടുണ്ടാകുന്നു. ഇപ്രകാരം ആവശ്യംപോലെ തീണ്ടുകൾ ഉണ്ടാക്കാം. തീണ്ടിന്മേൽ വിതെക്കുന്നതിനു മുമ്പേ മൺവെട്ടികൊണ്ടോ മററോ നിരത്തേണ്ടതാകുന്നു.

തീണ്ടുന്നു-അശുദ്ധിയാക്കുന്നു, അശുദ്ധിയാകുമാറു നീചജാതികൾ അടുത്തു വരുന്നു [നാമം തീണ്ടൽ]

തീത്ത-ചീത്ത.

തീത്തഴമ്പു്-പൊള്ളിയ വടുക്.

തീത്താങ്ങി തീയുടെ ചൂടു പൊറുക്കാതിരിപ്പാനുള്ള ഒരു മം.

തീൻ-ഭക്ഷണം, തിററി.

തീൻകടം-ഗ്ര കടംകഥ ഉ തിററകഥ.

തീൻകുഴൽ-തൊണ്ട, അന്നനാളം.

തീൻപണ്ടം-ഗ്ര ഭക്ഷണസാധനം. ഉ. വയറ്.

തീൻപണ്ടി-വയററിൽ ഭക്ഷിച്ചവസ്തു കിടക്കുന്ന ഒരു സ്ഥലം.

തീൻപതി മേച്ചിൽസ്ഥലം.

തീൻപുലം മേച്ചിൽസ്ഥലം.

തീനിടവൂരെ തിന്നുന്നവൻ

തീപ്പതിയു്-തീപ്പൊരി.

തീപ്പന-ഒരു പച്ചമരുന്നു്.

തീപ്പാതി-വി. തീകൊണ്ടു പകുതി വെന്തു.

തീപ്പുണ്ണു്-തീകൊണ്ടു പൊള്ളിയ വ്രണം

തീപ്പെടുന്നു-ഗ്ര. മരിക്കുന്നു എന്നർത്ഥമുള്ള രാജപദം. ഉ. തീപ്പെട്ടുകൂടുന്നു.

തുഗ-൧. മലവെണ്ണ. ൨. കുവന്തര്.

തുംഗ-വി. ൧. ഉയരമുള്ള. ൨. ശ്രേഷ്ഠമായുള്ള. ൩. നീളമുള്ള. ൪. മുൻകോപമുള്ള.

തുംഗത്വം-൧. ഉയർച്ച. ൨. ശ്രേഷ്ഠത.

തുംഗൻ-൧ ബുധൻ. ൨. ശിവൻ. ൩ ശ്രേഷ്ഠൻ. ൪. ബുദ്ധിമാൻ.

തുംഗബീജം-രസം.

തുംഗഭദ്ര-ഒരുനദി.

[തുംഗഭദ്രയിലെ ജലം രക്തപിത്തത്തെയും ചൊറിയേയും ഉണ്ടാക്കും. പരിചയിച്ചാൽ കൊള്ളാം. ദക്ഷിണദേശത്തിലെ ഒരുനദിയാണ്. ഈ നദി കൃഷ്ണാനദിയിൽ ചേരുന്നു.]

തുംഗഭദ്രാ-മുരട്ടായ ആന, മദംപിടിച്ച ആന.

തുംഗം-൧ ഉയരം, ഉയർന്നത്. നശിപ്പിക്കപ്പെടുന്നതു എന്നർത്ഥം. ൨. ശ്രേഷ്ഠം. ൩ ഒരുവൃക്ഷം. പുന്നാഗം, പുന്നമരം. അത്യുന്നതം എന്നു ശബ്ദാർത്ഥം ൪. തെങ്ങ്. ൫. ചൂണ്ടപ്പന. ൬. താമരയല്ലി. ൭. പർവ്വതം. ൮. വാളംപുലി.

തുംഗാ-൧. കുവന്തര. ൨. വന്നി

തുംഗി,തുംഗാ-ഒരുമരുന്നു, നായർവെണ്ണ, ആട്ടുനാറിവേള. രോഗങ്ങളെ ഹിംസിക്കുന്നതു എന്നർത്ഥം.

തുംഗി-൧. രാത്രി. ൨. മഞ്ഞൾ.

തുംഗീശൻ-൧ ചന്ദ്രൻ. ൨. സൂര്യൻ ൩. കൃഷ്ണൻ

തുംഗീശേഖരൻ-ശിവൻ.

തുച്ഛ-വി. ൧. ഹീനമായുള്ള. ൨. ഉപേക്ഷിക്കപ്പെട്ട.

തുച്ഛം-൧ അല്പം. ൨. ഉമി, പതിര ൩. ഒന്നുമില്ലാത്തത്, ശൂന്യം. ശൂന്യം എന്നർത്ഥത്തിൽ പര്യായങ്ങൾ-ശൂന്യം, വശികം, തുച്ഛം, രിക്തകം.

തുച്ഛാ-൧ അമരി ൨. ചിററാലം.

തുച്ഛീകരിക്ക-നിസ്സാരമാക്കുക.

തുഞ്ചൽ-൧. ഉറക്കം. ൨. തൊറവ. ൩. മരണം.

തുഞ്ചത്തെഴുത്തച്ഛൻ-രാമാനുജൻ എഴുത്തച്ഛൻ

[എഴുത്തച്ഛൻ എന്നതു നോക്കുക].

തുഞ്ചം-അററം.

'തുഞ്ചങ്ങളാം ശാഖരനക്കമെന്യേ ചവിയും' (മലയാളശാകുന്തളം)

തുഞ്ചുന്നു-൧ ഉറങ്ങുന്നു. ൨. തൊറുന്നു. ൩. മരിക്കുന്നു.

തുട-൧. അരയ്ക്കുതാഴെ രണ്ടുകാലിന്റെയും മുട്ടിനുമീതെയുള്ള സ്ഥലം, പര്യായങ്ങൾ സക്ഥി, ഊരു. ൨. തവണ. ൩-൦, ഇരുപത്തൊരുതുട.

തുടക്-ഒരു മൺപാത്രം, പാത്രം

തുടക്കം-ആരംഭം

തുടക്കൊമ്പ്-തുട.

തുടക്കോരം-ഭേച്ച്, ഘടനം.

തുടങ്ങൽക്കത്തി-ചീകിയുള്ളപിച്ചാത്തി.

തുടങ്ങി-അ. നിന്നു, മുതൽ.

തുടങ്ങുന്നു-ആരംഭിക്കുന്നു.

തുടത്തുള്ളുക-ഭീരുതകാണിക്കുക.

തുടപ്പന-ഈന്ത്.

തുടം-൧. എണ്ണയും മററും അളക്കുന്ന ഒരു പാത്രം. ൨. പൂഞ്ഞി, വണ്ണം, തടിപ്പ്. ൩ വലുപ്പം.

തുടരാനം-അഴിമുതൽ.

തുടർപ്പ്-കൂട്ടിച്ചേർപ്പ്.

തുടെക്കുന്നു-൧. തുടയ്ക്ക. ൨ വെടിപ്പാക്കുന്നു.

തുടപ്പ്-൧ തുപ്പ്. ൨. വെടിപ്പാക്കൽ.

തുടരി, തുടലി-വളരെ മുള്ളുള്ളതും പടരുന്നതുമായ ഒരു വൃക്ഷം.

[പഴുത്തകായ് വാതം, പിത്തം, രക്തദോഷം, ഇവ ശമിപ്പിക്കും. ചവർപ്പും കൈപ്പും രസങ്ങളുമുള്ളത്. രുചികരമാകുന്ന

തുണ്ഡിഭ, തുണ്ഡില, തുണ്ഡിക, തുണ്ഡിത-വി. പ്ര. വലിയ (ഉയൎന്ന) പൊക്കിളുള്ള. ഖ. കുടവയറുള്ള.

തുന്നൽപ്പണി-തയ്യൽവേല.

തുന്നൽപ്പണിക്കാരൻ - തയ്യല്ക്കാരൻ. പൎയ്യായങ്ങൾ- തുന്നവായൻ, സൌചികൻ.

തുന്നം-ഛിന്നം.

തുന്നം-ഒരു മരം, പട്ടകരണ.

ഇതു ആലിന്റെ ആകൃതിയോടുപോലെ തോന്നിക്കുന്നതും ആനകൾ തിന്നുന്നതുമായ വൃക്ഷമാണ്.

തുന്നൽ-തയ്യൽ.

തുന്നവായൻ-തയ്യല്ക്കാരൻ. ഇവിടെ തുന്നം എന്നാൽ ഛിന്നം എന്നു അൎത്ഥം. മുട്ടപ്പു മുതലായതിനു ശീലകളെ മുറിച്ചു തുന്നുന്നവൻ.

തുന്നാരൻ-തുന്നൽപ്പണിക്കാരൻ.

തുന്നിക്കൂത്തുന്നു-തയ്ക്കുന്നു.

തുന്നിക്കുന്നു-ചാക്കയിലും മററും വട്ടത്തിൽ തുന്നുന്നു.

തുന്നിപ്പു്-വട്ടത്തിൽ തുന്നുക.

തുന്നുന്നു-തയ്ക്കുന്നു. [കാ. ക്രി. തുന്നിയ്ക്കുന്നു.] തുന്നുക എന്നതിനു പൎയ്യായങ്ങൾ- സേവനം, സീവനം, സ്യൂതി.

തുൻപം-ദുഃഖം.

തുമ്പു്-പ്ര. തെളിവു്, ലക്ഷ്യം. ഖ. അറ്റം. ന. ബുദ്ധി, അറിവു്.

തുമ്പില്ലായ്മ-അറിവില്ലായ്മ.

തുമ്പുകേട്-അറിവില്ലായ്മ.

തുപ്പ്-തുപ്പൽ.

തുപ്പട്ട്-കരയ്ക്കിരി കളിയും ചിട്ടകരയുമുള്ള വെള്ളവസ്ത്രം.

തുപ്പട്ടാ(വ്)-ദ്വയങ്കി, വിശേഷപ്പെട്ട വസ്ത്രം. (ഹിന്ദുസ്ഥാനിഭാഷ.)

തുപ്പട്ടി-പ്ര. ഉപ്പട്ട്. ഖ. രണ്ടായിട്ടും മടക്കി വിരിക്കുന്ന വസ്ത്രം.

നാലെണ്ണം ഒന്നായി (മുറിക്കാതെ) വെച്ചിരിക്കുന്ന വസ്ത്രത്തിനാണ് തുപ്പട്ടി എന്നു അധികമായി പറഞ്ഞുവരിക.

തുപ്പൽ-വായിലെവെള്ളം, ഉമനീർ.

തുപ്പായി-പ്ര. ചിരാണ്ടി, പൊളികൾ തിരിച്ചു പറയുന്നവൻ. ഖ. പക്ഷികളിൽ ഒരു ജാതി.

തുപ്പനീര്-തുപ്പൽ.

തുപ്പുന്നു-വായിൽനിന്നു തുപ്പൽ പുറത്തുകളയുന്നു.

തുംഗം-കോലാട്, ആട്.

തുഭ്യം-(സംസ്കൃതം) നിനക്കായിക്കൊണ്ടു്.

തുമ്പ-ഒരു ചെടി

വാതം, കഫം, കൃമി, ഗുല്മം, അൎശ്ശസ്സ് മുതലായവക്ക നന്ന്. ചിലതു ഉണ്ടാകും. ഭേദമെ ഉള്ളു. സംസ്കൃതം- ദ്രോണപുഷ്പി.

തുമ്പൽകൊട്ടാവലി-ഒരു പച്ചമരുന്നു്.

തുമ്പം-ദുഃഖം.

തുമ്പി-പ്ര. പൂക്കൾതോറും പറന്നുനടക്കുന്ന പ്രാണി. ഖ. വണ്ടു്.

തുമ്പിയുടെ ചിറകു=കീലകം.

തുമ്പിക്കരം-ആനയുടെ തുമ്പിക്കൈ.

തുമ്പിക്കൈ-തുമ്പിക്കരം.

തുമ്പിക്കൈയിൽനിന്നു വരുന്ന വെള്ളത്തുള്ളി=വമഥു, കരശീകരം.

തുമ്പിതോണി-തിരുമ്പു തോണികൾ.

തുമ്പിമരം-ഒരുതരം വലിയ കാൽ

തുമ്പപ്പൂ-വെളുത്ത പൂ.

തുമ്പിലം-ഒരു വൃക്ഷം.

തുംബു-ചുരക്ക.

തുംബൊരൻ, തുംബുരു-ഒരു ഗന്ധൎവ്വൻ.

തുംബാ-൧ ചെല്ലി. ൨. പാൽച്ചുര.

തുംബി, തുംബ-ചുരവള്ളി. രോഗങ്ങളെ നശിപ്പിക്കുന്നതു് എന്നർത്ഥം.

തുംബുരി-കൊത്തമ്പാലയരി.

തുംബുരു-൧. കൊത്തമ്പാലയരി. ൨. ഒരു ഗന്ധർവൻ. ൩. ഒരു വാദ്യവിശേഷം. ൪. ഒരു മുനി.

തുമയ്ക്കുക-തുമ്മുക, ചുമയ്ക്കുക.

തുമുലം-൧ ഇടകലർന്ന യുദ്ധം, യുദ്ധാകോലാഹലം, കലഹം., ഭയങ്കരമായ (ലഹളയോടുകൂടിയ) കലഹം, യുദ്ധം.

'കളകളമെന്നബലകൃതമെന്നതുമുലം
കലഹമാശു ഞാൻ കരോമ്യധുനാ'
(കിർമ്മീരവധം കഥകളി)

രണ്ടുമാസൈന്യങ്ങളും കൂടിച്ചേർന്ന സങ്കലിതമായി ചെയ്യുന്നയുദ്ധം. 'തുമുലോവ്യാകുലോരണഃ' (ത്രികാണ്ഡശേഷം) കൂടികലർന്നതു എന്നശബ്ദാർത്ഥം. ൨. തന്നി. ൩. ഭയംകരം.

തുമുലം-വി. കൂട്ടമായി ശബ്ദിക്കുന്ന. ശബ്ദമുണ്ടാക്കുന്ന, കൂടികലർന്ന(സങ്കുലം.) ൨. ഭയങ്കരമായ.

'ഭൈരവതരതുമുലാരവാകോലാഹല
ഭേരീനാദത്തോടിടചേർന്നിതു പെരുമ്പട
(ഭാരതം)

തുമ്മൽ, തുമ്പൽ-ചിലപ്പോൾ മൂക്കിൽനിന്നു വെള്ളത്തോടുകൂടിയോ കൂടാതെയോ പുറപ്പെടുന്ന ഒരുമാതിരിശബ്ദം, ജലദോഷം ഹേതുവായിട്ടുണ്ടാകുന്ന ഒരു ശബ്ദം. പര്യായങ്ങൾ-ക്ഷുൽ, ക്ഷുതം, ക്ഷവം, ഏഛിക്കം.

'സ്ത്രീയാം ക്ഷുൽക്ഷുതംഏഛിക'
(രമസൻ)

തുമ്മുന്നു-മൂക്കിൽനിന്നു ഒരുമാതിരിശബ്ദം പുറപ്പെടുന്നു.

തുയരം-൧. ദുഃഖം. ൨. കരുണ, ൩. ആപത്തു.

തുയിൽ-൧. ഉറക്കം.

'പാലാഴിയിൽ തുയിൽകൊള്ളുന്ന'
(മഹാഭാരതം)

൨. ദുഃഖം. ൩. തുകിൽ. (വസ്ത്രം)

'പട്ടുടയൊറ്റത്തുയിലുംവെച്ച്'
(തച്ചോളിപ്പാട്ട്)

൪. മരണം.

'തുയിൽകഴിഞ്ഞെഴുമന്നാ' (രാമചരിതം)

തുയിർ-൧ ദുഃഖം.

'വിരഹതുയിർപൂണ്ടു'
(രാമായണസങ്കീർത്തനം)

൨. ആപത്തു്.

തുയിർപെടുന്നു-ദുഃഖിക്കുന്നു.

തുയിലുക-ഉറങ്ങുക.

തുയിലുണർവ്-നിദ്രയിൽനിന്നുള്ള പ്രബോധം.

തുയ്യ-വി. പരിശുദ്ധമായ.

'തുയ്യവളർദീപസമമായവൻവിളങ്ങും'
(ദേവൽഗീത)

തുയ്യം-൧. അററം, മുന. ൨. വെടിപ്പ്. ൩. പൂർണ്ണം. ൪. പരിശുദ്ധം. ൫. നല്ലതു്.

തുര-വി. വേഗമുള്ള, നിമിഷമുള്ള.

തുരക്കാരൻ-കാര്യവിചാരക്കാരൻ.

തുരക്കുന്നു-തുളയ്ക്കുന്നു, ദ്വാരമുണ്ടാക്കുന്നു.

തുരഗം-കുതിര. വേഗത്തിൽ ഗമിക്കുന്നതു് എന്നർത്ഥം.

തുരഗി-൧. കുതിരപ്പുറത്തു കയറുന്ന. ൨. കുതിരയുള്ള.

തുരഗീ-൧. കുതിരക്കാരൻ, ൨. ഭടൻ.

തുരത്തുന്നു-൧. ഇളക്കുന്നു. ൨. ഓടിക്കുന്നു.

'ഭേസചരമന്യരൊരുധന്യ-
നെത്തിയവയെത്തുരത്തി'
(അന്യാപദേശശതകം)

൩. പിന്തുടരുന്നു.

തുരം-൧. കാര്യവിചാരം. ൨. ചുമതല. ൩. വേഗം.

തുരങ്കക്കാരൻ-പു. കത്തിക്കുവച്ചു ചെയ്യുന്നവൻ. ൨. ദ്വാരമുണ്ടാക്കുന്നവൻ. ൩. ഐരെട്ടക്കുന്നവൻ.

തുരങ്കം-ചുവരിലും മററും തുരന്നുണ്ടാകുന്ന ദ്വാരം. ൨. ഗുഹകുഴി.

തുരാഗഗന്ധാ-അമുക്കിരം.

തുരംഗദ്വേഷിണി-എരുമ.

തുരംഗപ്രിയം-യവം

തുരംഗ(മ)ം-കുതിര. വേഗത്തിൽ ഗമിക്കുന്നതു എന്നർത്ഥം.

തുരംഗവദനൻ-കിന്നരൻ. കുതിരയുടെ മുഖമുള്ളവൻ എന്നർത്ഥം. [കിന്നരന്മാർ എന്ന ശബ്ദം നോക്കുക].

തുരപ്പണം-തുരക്കുന്നഉളി. തമര്.

തുരപ്പൻ-പു. തമരുളി. ൨. വലിയഎലി

തുരയൻ-മേന്മയുള്ളവൻ, അധികാരി. (ധുര എന്ന പദം തുരയിൽനിന്നുണ്ടായതാണ്.)

തുരവ്-പു. വലിയകിണർ. ൨. കുഴി. ൩. ഒളിപ്പ്. ൪. തുരങ്കമുണ്ടാക്കുക.

തുരവൻ-വലിയഎലി.

തുല്പം-പു. അററം, മുന. ൨. വെടിപ്പ്. ൩. പൂർണ്ണം. ൪. പരിശുദ്ധം. ൫. നല്ലത്.

തുരള-[illegible].

തുരായണ-വി. താൽപര്യമുള്ള, ആസക്തിയുള്ള. [പാരായണ എന്നതിന്റെ പാഠം].

തുരായണം-[illegible].

തുരാഷാട്ട്-ഇന്ദ്രൻ വേഗവാനായ ശത്രുവിനെ അഭിഭവിക്കുന്നവൻ എന്നർത്ഥം.

തുരി-പെൺകുതിര.

തുരിശ്-മരഞ്ഞാടിമരത്.

തുരിശക്കാരൻ-ലുബ്ധൻ, പിശുക്കൻ.

തുരിശുകെട്ട്-സൂക്ഷ്മമായവ്.

തുരിശപ്പെടുക-ബദ്ധപ്പെടുക.

തുരിശം-ബദ്ധത, ലുബ്ധ്

തുരി-പു റി. ൨. [illegible] ഒരു വസ്തു, തിരപ്പൻ

തുരീയ, തുര്യ-വി. നാലാമത്തെ.

തുരീയം-നാലിൽ ഒന്ന്.

തുരീയാംശം-എട്ടിലൊന്ന്.

തുരുതുരെ-അ. [illegible], നിറയനിറയെ.

"തുരഗതുരഗമസ്കന്ധ[illegible]"

തുരുത്ത്-ദ്വീപ്.

തുരുത്തി-പു. ഉല. ൨. [illegible] കന്നതിനു തോൽകൊണ്ടുണ്ടാക്കിയ ഒരു വസ്തു.

തുരുമ്പ്-പു ചകിരിയുടെ [illegible]. ൨. ഇരിമ്പിൻകറ. ൩. [illegible] ൦ മററും പുല്ലു ചകരം പറയുന്ന പേർ

തുരുമ്പിക്കുക-ഇരുമ്പിനു കറപിടിക്കുക.

തുരുഷ്കൻ-തുലുക്കൻ

തുരുഷ്കം-പു. [illegible], (അറബി) [illegible] വേഗത്തിൽ വ്യാപിക്കുന്നതു എന്നർത്ഥം. ൨. [illegible].

തുര്യാംശം-നാലിൽ ഒരംശം.

തുർവ്വസു-യയാതിയിൽ [illegible] ന്നവൻ

[illegible] വാർദ്ധക്യം സ്വീകരിക്കാ[illegible] യയാതി ശപിച്ചു.

തുലച്ചൽ-പു [illegible]. ൨. [illegible].

തുല്യനം-[illegible].

തുലയുക-പു [illegible]. ൨. മരിക്കുക. ൩. [illegible], [illegible].

തുല്യം-ഒപ്പം, സദൃശം. തുലാംകൊണ്ടു ഗണിക്കപ്പെടുന്നതു എന്നൎത്ഥം. പൎയ്യായങ്ങൾ- സമം, തുല്യം, സദൃക്ഷം, സദൃശം, സദൃക്, സാധാരണം, സമാനം.

തുല്യംചാൎത്തുന്നു-രാജാവു മുദ്രവെക്കുന്നു, രാജാവു് എഴുതുന്നു.

തുല്യമാകുന്നു-സമമാകുന്നു. [സ. ക്രി- തുല്യമാക്കുന്നു].

തുല്യയോഗിതാ-ഒരലങ്കാരം.

ലക്ഷണം-

'വൎണ്ണ്യത്തിനൊന്നിനെങ്കിലും ചൊല്ലാ-
മവൎണ്ണ്യത്തിനതെങ്കിലും
ധൎമ്മൈക്യം ചൊൽകിലുണ്ടാകും
തുല്യയോഗിതഭൂഷണം'

ഉ-ം അനലശിഖകളുമനിലസുതഹൃദയവും തെളിഞ്ഞൊരനന്തവിഷ്ണുപദം ഗമിച്ചു തദാ

(അദ്ധ്യാത്മരാമായണം)

തുപ്പ്-ന. വിരോധം. ഉ. തൎക്കം. ന തെളിവു.

തുവയ്ക്കുന്നു-ന. ഇരിമ്പോ മൺകലമോ കാച്ചി മുക്കി മയം വരുത്തുന്നു. ഉ. നനയ്ക്കുന്നു.

തുവയ്പ്പ്-ഇരിമ്പോ മൺകലമോ കാച്ചി മുക്കി മയംവരുത്തുക

തുവര, തുവര-ഒരുമാതിരി പയറ്. പൎയ്യായങ്ങൾ-ആഢകി, കാംബി, മൃൽസ്നാ, തുവരികാ, മൃതാലകം, സുരാഷ്ട്രജം.

തുവര-വെളുപ്പ്, കറുപ്പ്, ചെമപ്പ് ഇങ്ങിനെ മൂന്നുതരമുണ്ടു. ഈ വിവരം പുഷ്പം കൊണ്ടറിയാമായിരിക്കും. കഫം, പിത്തം, രക്തദോഷം, ജ്വരം, വിഷം, അതിസാരം ഇവ ശമനം. വാതത്തെ അല്പം വൎദ്ധിപ്പിക്കും. ധാരാളം [illegible] ഉണ്ടാക്കും. തുവരപ്പയറിൽ നെയ്യുപയോഗിച്ചാൽ വാതം കോപിക്കയില്ല. ഹി-തൂവർ. ഇം-Pegeon pea. തുവരപ്പയറ് =വാതകം, ശീതളം, [illegible]].

തുവര-വി. ചവൎപ്പുള്ള.

തുവൎകം-ചെറുപയറ്. (അല്പം [illegible])

തുവരൻ, തോരൻ-ഒരുകറി.

തുവരപ്പരിപ്പ് - തുവരകൊണ്ടുണ്ടാക്കിയ പരിപ്പ്.

തുവരപ്പാട്-ന. ഒരളവു്, എട്ടിലൊന്ന് അംഗുലം. ഉ. എട്ടുനെന്മണി.

തുവരം-ന. ചവൎപ്പുരസം രോഗത്തെ നശിപ്പിക്കുന്നതു എന്നൎത്ഥം. ഒരുരസം പൎയ്യായം-കഷായം. ഉ. [illegible].

തുവരികാ-ന. തുവരപ്പയറ്. ചവൎപ്പുരസം കൂടിയുള്ളതു എന്നൎത്ഥം. ഉ. തുവരിമണ്ണ്.

തുവരിമണ്ണ്-സൌരാഷ്ട്രദേശത്തിലുള്ള ഒരുതരം മണ്ണ്.

തുവരിമണ്ണ് ശ്ലേഷ്മം, നേത്രരോഗം, വ്രണം, ശ്വിത്രം, വിഷം, കുഷ്ഠം, വിസൎപ്പം ഇവയെ ശമിപ്പിക്കും. ഇതിനെ [illegible]. സം-സൌരാഷ്ട്രി. ഇം- Silicate of alumina)

തുവരുന്നു-ഉണങ്ങുന്നു, വറ്റുന്നു.

തുവൎക്ക-ചവൎക്ക.

തുവൎച്ചിലക്കാരം-ഒരുജാതി മരുന്നു്.

പൎയ്യായങ്ങൾ-സൎജ്ജികാക്ഷാരം, കാപോതം, സുവൎച്ചികം, സൌവൎച്ചലം, രുചകം.

സൎജ്ജികാക്ഷാരം എന്ന [illegible]

തുവൎച്ചിലക്കാരം-വാതം, [illegible] ഇവയെ ശമിപ്പിക്കും.

തുവൎച്ചിലുപ്പ് = സൌവൎച്ചലം, [illegible], രുചകം. ഇതിനെ [illegible].

തുത്തുവള-ഒരു മരുന്നു്.

തുത്ഥ-നികത്തി

തുദം-കാട്ടരയാൽ.

തുപ്പ്-ഫ. ഇലയില്ലാത്തകൊമ്പു്. വ. അടിച്ചുവാരുക.

തുബ്‌വരൻ-മീശവരാനുള്ള പ്രായമായിട്ടും മീശ മുളയ്ക്കാത്ത പുരുഷൻ.

തുബരം-ഫ. മോഴക്കാള. വ. മോഴപ്പല്ലു

തുമ-ഫ. പ്രകാശം. വ. തെളിവു്. ൩. ഭംഗി. ൪. ശോഭ. ൫. ശുദ്ധി. ൬. നന്മ. ൭. പൂർണ്ണത. ൮. പരിശുദ്ധത.

തുമരാ-ആറുതുവടകൂടിയതു്.

തുമൊഴി-ഫ. ഇഷ്ടവാക്കു്. വ. മുഖസ്തുതി.

തുമ്പു്-ഫ. ഓക് (ഓവ്.) പാത്തി. വ. വീതു പൊക്കിറം.

തുമ്പാ-നിലം കിളപ്പാനുള്ള ആയുധം.

തുംപൂണി-ഫലവർഗ്ഗത്തിൽപെട്ട ഒരു ഗന്ധദ്രവ്യം.

തുംപൂണിയുടെ പഴത്തകായ് വാതം, കഫം, കൃമി, കുഷ്ഠം, ഗുല്മം, അരുചി, വായുമുട്ടൽ മുതലായവകൾ നന്നു്. മലത്തെ തടുക്കം. അഗ്നിയെ വർദ്ധിപ്പിക്കും. കണ്ണിനു ഹിതമല്ല. ഇതു നാഴൽപൂവെന്നു പേരുപറഞ്ഞു് ഈ ദേശങ്ങളിൽ എടുത്തുവരുന്ന വസ്തുവാകുന്നു. സം-തുംബുരു.

തുയ-വി. പരിശുദ്ധമായ

തുയം-ജലം

തുയർ-തെളിഞ്ഞവർ.

തുര-വി. ബദ്ധപ്പാടുള്ള, ചുറുക്കുള്ള.

തുരം-ഒരു വാദ്യം

തുര്-ഫ. ബദ്ധപ്പാടു്. വ. ചുറുക്കു്.

തുരി-മഞ്ഞള്.

തുരിയാട്ടുന്നു-അധികം വലചെയ്യുന്നു.

തുരിയാട്ടം-കഠിനവേല.

തുരുന്നു-നീക്കുന്നു [സ. ക്രി. തുക്കുന്നു]

തൂർച്ച്-നികത്തൽ, നിരത്തൽ.

തൂർണ്ണ-വി. വേഗമുള്ള.

തൂർണ്ണകം-ഇട്ടുഴിച്ചെന്നെല്ലു്.

തൂർണ്ണം-അ. വേഗത്തിൽ

തൂർത്ത-പരിപൂർണ്ണമായ.

തൂമ്മ-തൂച്ച്.

തൂര്യം-പെരുമ്പറ.

തൂര്യരവം-പെരുമ്പറനാദം.

തൂലകം-ഫ. കരുപ്പരുത്തി. വ. പഞ്ഞി.

തൂലഫലം-ഫ. ഇലവു്. വ. എരിക്കു്. (ചെമന്ന പൂവുള്ളതു്)

തൂലം-ഫ. പരത്തി. തള്ളുന്നതു് എന്നർത്ഥം. വ. ഒരു മരം, കാട്ടരയാൽ. തീപ്പുറപ്പെടുന്നമരം എന്നർത്ഥം.

തൂലം-പഞ്ഞിയുടെപേരെന്നു ചിലർ പറയുന്നുണ്ടു്.

തൂലസേചനം-തയ്യൽ.

തൂലി-ചായമിടുന്ന തൂവൽ.

തൂലിക-ഫ. തൂവൽ, ചായമിടുന്നതിനുള്ള പുല്ലു്. ചിത്രമെഴുതുന്നതിനും മറ്റുമുള്ള ശലാകയുടെ (തൂവലിന്റെ) പേർ. വ. പഞ്ഞിമെത്ത. ൩. അമരി.

തൂലികപ്പുല്ല്-നിരപ്പൻ; ചായമിടുന്ന പുല്ലു്.

തൂലിനി-ഫ. ഇലവു്. വ. തിരുതാളി.

തൂവട-ഇരുപത്തിനാലു പെരുക്കം കൂടിയതുക

തൂവരം-ഫ. മോഴക്കാള കൊമ്പുവരേണ്ട കാലമായിട്ടും കൊമ്പുവരാത്ത കാള പശു മുതലായതു്. (തുവരം എന്നും കാണുന്നു) വ. മോഴപ്പല്ലു. ൩. ചവർപ്പുരസം.

തൂവരിക-ഫ. തുവരപ്പയറ്. വ. തുവരിമണ്ണു്.

തൂവാൽ-ഫ. പക്ഷികളുടെ ബലമുള്ള വലിയ പൂട. വ. ചായമിടുന്ന പുല്ലു്.

സ്ത്രീപുരുഷപ്രകൃതികളെ ഒന്നാമത്തേതും രണ്ടാമത്തേതുമായി കരുതുന്നു എങ്കിൽ ഇതു മൂന്നാമത്തേതു തന്നെയല്ലോ

തൃത്താലപ്പൻ-ഒരു ദേവൻ. (അഗ്നിഹോത്രി നോക്കുക)

തൃത്താലിചാർത്ത്-രാജകന്യകമാരുടെ വിവാഹം.

തൃത്താവ്-തുളസി.

തൃപ്ത-വി. തൃപ്തിവന്ന, പൂർണ്ണമായ.

തൃപ്തൻ-സന്തോഷിച്ചവൻ. തൃപ്തിയെ പ്രാപിച്ചവൻ എന്നർത്ഥം.

തൃപ്തി-സ്ത്രീ. പൂർണ്ണത ത. സന്തോഷം. മ. മതി എന്നുള്ള സ്ഥിതി. മററു പര്യായങ്ങൾ-സൌഹിത്യം, തർപ്പണം.

തൃപ്തിവരുത്തുക = തർപ്പണം, പ്രീണനം, അവനം.

തൃപ്തിമൽ-ജലം.

തൃഫലാ-കടുക്ക, നെല്ലിക്ക, താന്നിക്ക ഇവ മ-ം. മൂന്നുഫലങ്ങൾ കൂടിയതു് എന്നർത്ഥം.

തൃപ്പടിദ്ദാനം-ഒരു ദാനം

കൊല്ലവർഷം ൯൨൫ മകരം ൫-ാംനു- ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു് തിരുവിതാംകൂർ രാജ്യത്തെ ശ്രീപത്മനാഭസ്വാമിക്കു ദാനം ചെയ്തതിന്റെ പേർ

തൃപ്പാദസ്വരൂപം-തിരുവിതാംകൂർ രാജവംശം.

ചേരമാൻപെരുമാൾ മഹാരാജാവിന്റെ മൂന്നാമത്തെ ഭാര്യയിൽനിന്നും ഉത്ഭവിച്ചതാണ്. ആദ്യത്തെ ഭാര്യയിൽനിന്നുത്ഭവിച്ച വംശത്തിന് കോലസ്വരൂപം എന്നു പേർ.

തൃപ്പാപ്പൂർസ്വരൂപം - തിരുവിതാംകൂർ രാജ്യം.

തൃഷ-സ്ത്രീ. ദാഹം ത. ഇച്ഛ, അധികമായ ആഗ്രഹം. മ. മോഹത്തിന്നി.

തൃഷാഹം-വെള്ളം.

തൃഷാഹാ-ശതകുപ്പ

തൃഷിത-വി. ദാഹമുള്ള.

തൃഷ്ണ-സ്ത്രീ ദാഹം

തൃഷ്ണയെ തടുത്താൽ ദേഹം മെലിയും. തളർച്ചയുണ്ടാകും. ചെവി കേൾക്കാതെയാകും. ചിത്തശക്തി നശിക്കും മൂർച്ഛയും ഹൃദ്രോഗവും ഉണ്ടാകും. അതുകളിൽ ശീതങ്ങളായിരിക്കുന്ന അന്നപാനാദികളുടെ ഉപയോഗം ഒക്കെയും ഹിതം.

ത. ശ്രദ്ധ, ആഗ്രഹം.

തൃഷ്ണക്, തൃഷ്ണകൻ-പു. ദാഹമുള്ളവൻ ത. മോഹമുള്ളവൻ. മ. ലുബ്ധൻ, ആശയുള്ളവൻ. ര അഭിലാഷമുള്ളവൻ

തൃഷ്ണത-സ്ത്രീ. ദാഹം ത. ഇച്ഛ.

തൃഷ്ണാരി-പർപ്പടകപ്പുല്ല്.

## തെ

തെകിട്ടുക-തികട്ടുക, തേട്ടുക.

തെകിള-സ്ത്രീ. ചങ്ക്, ഹൃദയം. ത. മീനിന്റെ ചെകിള.

തെക്ക്-നാലുദിക്കുകളിൽ ഒന്ന്.

തെക്കേദിക്ക്=അവാചി.

തെക്കൻ-തെക്കേദിക്കിലുള്ളവൻ

തെക്കൻകോറ്-തെക്കുനിന്നുള്ള കോറ്, തുലാമത്തെക്കൻ.

തെററ്-കഞ്ഞിപ്പുരയും മററും തെക്കിട്ടുക.

തെക്കിനി-നാലുകെട്ടായ ഭവനത്തിന്റെ തെക്കേക്കെട്ട്.

തെക്കുകഞ്ഞി-തെക്കിയെടുത്ത കഞ്ഞി.

തെക്കുകിഴക്ക്-തെക്കും കിഴക്കും കൂടിയസ്ഥലം.

തെക്കുന്നു-തെക്കിയെടുക്കുന്നു, മുകളിൽ പൊങ്ങിവരുന്നവയെ തെന്നിയെടുക്കുന്നു

തെരികട-വി. ഉടപെക്കപ്പെട്ട.

തെരിക്കെന്ന്-അ. വേഗത്തിൽ.

തെരിക്കനെ-അ. വേഗത്തിൽ.

തെരഞ്ഞെടുക്കുന്നു - ദന ക്കിയെടുക്കുന്നു, വേർതിരിച്ചെടുക്കുന്നു.

തെരഞ്ഞെടുപ്പ്-വേർതിരിച്ചെടുക്കുക.

തെരയുന്നു, തിരയുന്നു-ശോധനചെയ്യുന്നു, അന്വേഷിക്കുന്നു, തേടുന്നു.

തെരിവ്, തിരിവ്-വി. ഉടപെക്കപ്പെട്ട, തെറ്റിയ

തെരവ്-ഗ്ര. ശോധനചെയ്യൽ 2. അന്വേഷിക്കുക.

തെരുക്കനെ-അ. വേഗത്തിൽ

തെരുതെരെ-അ. വേഗംവേഗം, വേഗത്തിൽ.

തെരുന്നനെ-അ. ഇടവിടാതെ, വേഗത്തിൽ.

തെരുവ്, തെരുവീഥി-രണ്ടുവശത്തും വീടുകളുള്ള വഴി, റോട്ട്.

തെരുവയർ-സുന്ദരിമാർ, സ്ത്രീകൾ.

'തെരിവൈ' എന്ന പൂർവ്വരൂപം. 'അരിവൈ' എന്ന പദം പോലെ.

തെലുങ്ക്-ഗ്ര. ഒരു ദേശം 2. തെലുങ്കുഭാഷ

തെലുങ്കൻ-തെലുങ്കുദേശക്കാരൻ

തെലുങ്കർ-ആന്ധ്രദേശക്കാർ.

തെല്ല്-അ. അല്പം, കുറെ.

തെല്ല്-ഗ്ര. ഖണ്ഡം, തുണ്ട്.

'സൂത്രാമാവിൻ സൂക്ഷ്മതമമാം
വില്ലുതൻ തെല്ലുപോലെ'
(മയൂരസന്ദേശം)

2. വക്ക്, മുന

തെല്ലുമ്പ്-അ. വക്കത്ത്.

തെല്ലിച്ചു-അ. അല്പമല്പം.

തെറ്റുളക്കനം-തെച്ചു(ഞെരു)റപ്പ്.

തെളക്കം, തിളക്കം-ശോഭ, പ്രകാശം.

തെളങ്ങുന്നു, തിളങ്ങുന്നു-ശോഭിക്കുന്നു, പ്രകാശിക്കുന്നു.

തെളി-ഗ്ര. ശുദ്ധി, വെടിപ്പ്. 2. പ്രസന്നത, തെളിവ്.

തെളികടഞ്ഞ-വി മിനുസംവരുത്തിയ.

തെളികണ്ണി-ഒരു മരം

തെളിക്കുന്നു-ഗ്ര പ്രകാശിപ്പിക്കുന്നു. 2. (ആൾ) നടത്തുന്നു 3. (നാല്ക്കാലികളെ) മേയ്ക്കുന്നു, അടിച്ചുവിടുന്നു. 4. നിർമ്മലമാക്കുന്നു.

തെളിച്ചം, തെളിച്ചൽ-തെളിവ്.

തെളിതാര-ഉറവക, വാറവക.

തെളിമ-തെളിവ്.

തെളിയിച്ച-വി. സന്തോഷിപ്പിച്ച.

തെളിയുന്നു-ഗ്ര. പ്രകാശിക്കുന്നു. 2. പ്രസാദിക്കുന്നു, സന്തോഷിക്കുന്നു. 3. നിർമ്മലമാകുന്നു. [തെളിയിക്കുന്നു, തെളിയിപ്പിക്കുന്നു. സ. ക്രി.]

തെളിവ്-ഗ്ര. പ്രകാശം, സ്വച്ഛം. 2. പ്രസന്നത 3. അറിവ്. പര്യായങ്ങൾ പ്രസാദം, പ്രസന്നത.

തെളിവുള്ളത്=അച്ഛം, പ്രസന്നം.

തെളുതാര-ഗ്ര അലം, 2. നടന്മാരുടെ തലയിലുള്ള ആഭരണം.

തെളുതെളുപ്പിൽ-നല്ല തെളിവായി.

തെളുതെളെ-അ. അധികം വെണ്മയായിട്ട്.

തെള്ളൽ-പൊടിയിൽനിന്നു അരി കളവാൻ മുറത്തിലിട്ടു കലുക്കുക.

തെള്ളി-ഗ്ര. ഒരുമാതിരി പശ, പയനിൻ കറ. 2. ഒരുവക മത്സ്യം.

തെള്ളിയ-വി. തെളിഞ്ഞ, വിശിഷ്ടമായ

'നടപ്പവർ തെള്ളിയവറിവുടയോരറിവില്ലാർ'
(ഭഗവൽഗീത)

തെള്ളുന്നു-മുറത്തിലിട്ടു കലുക്കുന്നു. [കം. ക്രി. തെള്ളിക്കുന്നു.]

ഉ. കോ(ക)ളുതയും മറത്തിൻെറയും വിളയിനു വെച്ചുകെട്ടുന്ന കോല്.

തേരിൽ പൂട്ടിക്കെട്ടിയ കതിര=രശ്മം. തേർചക്രം=ചക്രം, രഥാംഗം. തേരാളിസ്ഥൻ = രഥിതൻ, രഥികൻ, രഥി. തേർപണിക്കാരൻ=രഥകാരൻ.

തേര-പ. ഒമന്ത്രിരി ശോഷിച്ച വശു. ഉ. യാചകൻ.

തേരകത്തില-തേരകവൃക്ഷത്തിൻെറയില

തേരകം-ഒരുവക വൃക്ഷം.

തേരട്ട-വളരെ കാലുകളുള്ള ഒരുവക ചെമന്ന പ്രാണി.

തേരണം-പേയമരി.

തേരത്തപ്പുല്ല്-ഒരുവക പുല്ല്.

തേരം-പേയമരി.

തേരാളി-തേരിനെ നടത്തുന്നവൻ, സൂതൻ. പര്യായങ്ങൾ-നിയന്താവ്, പ്രാജിതാവ്, യന്താവ്, സൂതൻ, ക്ഷത്താവ്, സാരഥി, സവ്യേഷ്ഠൻ, ദക്ഷിണസ്ഥൻ.

തേരുന്നു-പിന്നാലെചെല്ലുന്നു, അടുക്കുന്നു

തേരുരുൾ-തേരിൻെറ ഉരുൾ (വണ്ടി),

തേരൊലി-തേരിൻെറ ശബ്ദം.

തേരോട്ടം-പ. തേരിൻെറ സഞ്ചാരം ഉ. ചില ക്ഷേത്രങ്ങളിലുള്ള തേരോട്ടം.

തേർ-രഥം, രാജാക്കന്മാർക്ക് പ്രധാനമായുള്ള ഒരു വാഹനം.

തേർകിടാകുന്നു-തേർനടത്തുന്നു.

തേർക്കതിര-തേരിൽകെട്ടുന്ന കതിര.

തേർക്കോപ്പ്-തേരിൻെറ ചമയം.

തേർച്ച-പ. പിന്തുടർച്ച. ഉ. വല്പനവു, പുഷ്ടി.

തേർച്ചക്രം-തേരിൻെറ ഉരുൾ.

തേർത്തടം-തേരിലെ ഇരിപ്പിടം.

തേർത്തട്ട്-തേരിലെ ഇരിപ്പിടം.

തേവയ്ക്കുക-തേയ്ക്കുക.

തേവടിയാൾ-തേവടിച്ചി (ദേവ+അടിയാൾ).

തേവതാരം-ഒരങ്ങാടിമരുന്ന്, ഒരുവൃക്ഷം

തേവർ-ദൈവം.

തേവല്-കൊതി.

തേവറ-ചന്ദ്രൻെറക്ഷയം.

തേവാങ്കം-പ. മടി. ഉ. ഏററവും പതുക്കെ സഞ്ചരിക്കുന്ന ഒരു മൃഗം.

തേവാരം-ഈശ്വരസേവ.

'തേവാരവുംതമനമോജനവുംമിശേഷാൽ' (ഭക്ഷാരഭൈഷധചംപു)

തേവാരി-ഈശ്വരസേവക്കാരൻ.

തേവാരിക്കുന്നു-ഈശ്വരസേവചെയ്യുന്നു

തേവിടിച്ചി(ശ്ശി)-വേശ്യാസ്ത്രീ.

തേവിടിശ്ശിത്തെരുവ് = വേശം, വേശ്യാജനസമാശ്രയം.

തേവിടിച്ചിയാട്ടം-തേവിടിച്ചികളുടെ ഒരുമാതിരി കളി.

തേള-പ. നെഞ്ചു. ഉ. കരള്.

തേൾ, തികൾ-പ. ഒരു ജന്തു. പര്യായങ്ങൾ-അളി, ദ്രുണം, വൃശ്ചികം. ഉ. വൃശ്ചികംരാശി.

"തേൾ കടിച്ചാൽ ഉടനെ അഞ്ചു മിന്നിട്ടുനേരത്തേയ്ക്കു വിളഞ്ഞ തേങ്ങാക്കൊത്തു ചവച്ചു തിന്നുകൊണ്ടിരുന്നാൽ മതി. വേദന പെട്ടെന്നു ശമിയ്ക്കും. അരിതാരം മാതളനാരങ്ങാനീരിൽ അരച്ചു തേച്ചുകൊണ്ടാൽ തേളിൻെറ വിഷം തീരെ ശമിച്ചുപോകും വേദനയും മാറും"

തേറു്-കള്ളെടുക്കുന്നവരുടെ വീതിയുള്ള കത്തി.

തേറൽ-പ. വിശ്വാസം. ഉ. ധാരണ. ന. തേൻ. ൪. വല്പനം. ൫. പുഷ്ടി.

തേറാമറു-വിശ്വാസം വരത്തക്ക സ്ഥിതിയിൽ.

**ത്രികൂടം**-ൃ ഒരു പർവ്വതം. മൂന്നു കൊടുമുടികളം ഉള്ളതു് എന്നർത്ഥം. പര്യായം-ത്രികകുത്ത്.

'മാല്യവാനുമാംത്രികൂടാചലംവല്ലു-
ന്നതുന്നതമതിൻമൂർദ്ധ്നി ലങ്കാപുരം'
(അദ്ധ്യാത്മരാമായണം)

ത്രികൂടഗിരി.

'ദുഗ്ദ്ധാബ്ധിമദ്ധ്യേമംഗലമായോരു ഗിരീന്ദ്രൻ ത്രികൂടമെന്നേറ്റവും പ്രസിദ്ധനായ് * വർത്തിപ്പോന്നയൻതിരുധ്യാനാനന്തരം രത്നകാഞ്ചനമയശോഭിതം, സുഭിക്ഷതം, * യക്ഷകിന്നരഗന്ധർവ്വോരഗനിഷേവിതം, ലക്ഷണപ്രഭം നിഖിലാനന്ദമിവ്യസ്ഥലം * ക്ഷീരവാരിധൌ നിന്നുപൊങ്ങീടുംതിരകളാൽ മന്ദാനന്ദംചേർന്നകളത്തസംന്നസ്ഥലം * ഒത്തൽ ഗിരിഗുഹയിങ്കലുണ്ടപാരം പതിന്യൂക്ത്രയുംശോഭിച്ചതുമതെന്നൊരുദ്യാനവും * സർവ്വഗുണഗണ പൂർണ്ണമായനന്ദനം, സർവ്വമോഹനകരമാകിയമിവ്യസ്ഥലം; * നന്ദനസമാന,മാനന്ദമാനംഡ്യാഹർ ചന്ദനാദ്യഖിലവൃക്ഷനേചിതം, മിന്നേശമാം- * ധ്യന്ദിനകരഹരമംബുവാഹാമംപരം, മന്ദമാരുതശീതസുഗന്ധപരിപൂർണ്ണം, * ഭൃംഗാദിവിഹംഗനാനാവിധകളരവം മംഗലപ്രമംഭ്രംഗാദിനിന്നിഷേവിതം, * തുംഗമാതംഗസിംഹകരംഗസാരംഗാദി രംഗമായമംഗ്ലുരമംഗിമംഗിതമായി; * ഇത്ഥമത്യാനന്ദൈകസിദ്ധമാമുദ്യാനത്തിൻ മദ്ധ്യേയുണ്ടൊല്ലാചലന്നോമപുഷ്കരിണിയും * നിർമ്മലായതാഗാധിവിസ്തൃതകരതരം, പെന്നയംബുദ്ധകമുമേല്പുലകല്ഹാരങ്ങൾ * പൊങ്ങിനിന്നതിശയമുജ്ജ്വലിച്ചുനളിനങ്ങളു് ഹംസാദിമിത്ഥംഗലരവാനചിതം; * സ്വന്നിമിയോടുംകൂടെ നന്ദനോദ്യാനംശോഭിന്നുപോലെ വിളങ്ങീടിന്നൊരുദ്യാനവും.' (ശംഭുവരം)

വ. കടലപ്പു്.

**ത്രികൂർച്ചകം**-മൂന്നു വായ്ത്തലയുള്ള ഒരു കത്തി.

**ത്രികോണങ്ങൾ**-(ജ്യോതിഷം) ഒരു രാശിയുടെ ൫-ാം രാശിയും ൯-ാം രാശിയും.

**ത്രികോണം**-മുക്കോണ്.

**ത്രികോണം**-വി. മൂന്നുകോണുള്ള.

**ത്രികോല്പക്കൊന്ന**-ഒരു മരുന്ന്, ശിവത, വെള്ളത്തകൊന്ന.

ജ്വരം, വീക്കം, ഗുല്മം, കൃമി, കുഷ്ഠം, വ്രണം, പാണ്ഡു മുതലായവകൾ നന്ന്. മലത്തെ ഇളക്കിക്കളയും. വാതവർദ്ധകരമാണ്. സുഖവിരേചനങ്ങളിൽ ശ്രേഷ്ഠം. തമിഴിൽ-ചിവതൈ. ഇം-(turbitt root.)

**ത്രിക്ഷുരം**-വയൽച്ചുള്ളി.

**ത്രിഖം**-പച്ചനിറമുള്ള കക്കരിക്കായ്.

**ത്രിഗണം**-ധർമ്മം, അർത്ഥം, കാമം ഇവ മൂന്നും.

**ത്രിഗുണം**-ൃ. സത്വം, രജസ്സ്, തമസ്സ് ഇവ മൂന്നും. വ. മൂന്നിരട്ടി.

**ത്രിഗുണാകൃത**-മൂന്നുചാൽ ഉഴുതനിലം.

**ത്രിഗുണി**-കൂവളം.

**ത്രിഗുണിതം**-വി. ൃ മൂന്നുകൊണ്ടു പെരുക്കിയ. വ. മൂന്നിരട്ടിച്ച.

**ത്രിചതുരം**-മൂന്നുനാല്.

'ഇല്ലായംസംത്രിചതുരമണി
ക്കൂറിനുള്ളിൽസാഖലം'
(മയൂരസന്ദേശം)

**ത്രിചത്വാരിംശത്തു്**-നാല്പത്തിമൂന്ന്.

**ത്രിജഗത്തു്**-ഭൂമി, സ്വർഗ്ഗം, പാതാളം ഈ മൂന്നു ലോകങ്ങളും.

ത്വഗ്രോഗം-പു. കുഷ്ഠരോഗം. വ. തൊലിയെ സംബന്ധിച്ച രോഗം.

ത്വങ്മാംസം-തൊലിയും മാംസവും

ത്വചന-പു. തൊലികൊണ്ടു മൂടുക. വ. പ്രകാശം.

ത്വചാ-പു. തോലി. ശരീരത്തെ (രക്തമാംസാദികളെ) മറച്ചുകൊണ്ടിരിക്കുന്നതു് എന്നർത്ഥം. വ. ഇലവങ്ഗം. പ്രശസ്തമായ തൊലിയുള്ളതു് എന്നർത്ഥം.

'ത്വക്ത്വചൗ ത്വചാശ്ച്യവാൽക്ക ചർമ്മണി പത്രകേ'
(ശബ്ദകോശം)

ത്വചാ-പു. തൊലി വ. ഏലവങ്ഗം.

ത്വചിസാരകം-മുള. (ത്വക്സാരശബ്ദം തന്നെ.)

ത്വചിസുഗന്ധാ-ചിററേലം.

ത്വദീയ-വി. നിന്നെ സംബന്ധിച്ച

ത്വം-നീ (സംസ്കൃതം.)

ത്വര-ബദ്ധപ്പാടു്. സംഭ്രമിച്ചു പ്രവർത്തിക്കുക എന്നർത്ഥം. മറെറാരു പർയ്യായം-സംഭ്രമം.

ത്വരണം-അതിവേഗം, ബദ്ധപ്പാടു.

ത്വരമാണൻ-ഓടുന്നവൻ, വേഗമുള്ളവൻ.

ത്വരി-ബദ്ധപ്പാടു്.

ത്വരിത-വി. വേഗമുള്ള.

ത്വരിതൻ-വേഗമുള്ളവൻ.

ത്വരിതം-അ. അതിവേഗത്തിൽ, കാലതാമസം കൂടാതെ.

ത്വരിതോദിത-വി. ഉഴറിപ്പറയുന്ന

ത്വരിതോദിതം-ബദ്ധപ്പെട്ടു പറയുന്ന വാക്കു്.

ത്വഷ്ട, ത്വഷ്ടാ-വി. ചെത്തി കനംകുറയ്ക്കപ്പെട്ട.

ത്വഷ്ടാവു്-പു. ആശാരി. മരം ചെത്തി ചെറുതാക്കുന്നവൻ എന്നർത്ഥം. വ. വിശ്വകർമ്മാവു്.

ഈ ദേവൻ യന്ത്രങ്ങളും മററും തീർക്കുന്നതിൽ സമർത്ഥനായിരുന്നു. ശർവ്വദാ തന്നെ പുത്രന്മാർക്കനുകൂലമായ ദേവന്മാരെ ദ്രോഹിക്കുന്ന ബുദ്ധിയും ഇന്ദ്രദ്രോഹത്തിനെയെന്നും. എപ്പോഴും ഇന്ദ്രനുമായി വിരോധത്തിൽ കഴിച്ചുവന്നു. ഒരിക്കൽ അസുരഹിതനും പുത്രനായ വിശ്വരൂപനെ (ത്രിശിരസ്സിനെ) ഇന്ദ്രൻ വധിച്ചു. സംജ്ഞ (സരണ്യ) എന്ന പുത്രിയെ തൻ ആദിത്യനു കൊടുത്തു എന്നാൽ അവൾക്കു ഭർത്താവിൻെറ അതികഠോരമായ തേജസ്സു സഹിക്കവയ്യാതിരുന്നു. അതിനാൽ അവളുടെ പിതാവു് സൂർയ്യൻെറ ഒരു ഭാഗം കടഞ്ഞെടുത്തുകളഞ്ഞു. ഈ ഭാഗംകൊണ്ടു വിഷ്ണുവിൻെറ ചക്രം, ശിവൻെറ ത്രിശൂലം മുതലായ ആയുധങ്ങൾ ഉണ്ടാക്കി.

ന. ബ്രഹ്മാവു്. ദ. ആദിത്യൻ.

ത്വാദൃശ-വി. നിന്നെപ്പോലെയുള്ള.

ത്വാഷ്ട്ര-ത്വഷ്ടാവിനെ സംബന്ധിച്ച.

ത്വാഷ്ട്രീ-ചെറിയ ബ്രഹ്മി.

ത്വിഷാ-പ്രഭ.

ത്വിഷാംപതി-ആദിത്യൻ. ശോഭേശൻ എന്നർത്ഥം.

ത്വിഷി-ഭംഗി.

ത്വിട്പതി-സൂർയ്യൻ.

സൂർയ്യകിരണങ്ങൾ അസ്തമനസമയത്തു അഗ്നിയിൽ പ്രവേശിക്കുന്നതായും, സൂര്യോദയസമയത്തു അഗ്നി സൂർയ്യനിൽ കയറുന്നതായും വേദത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ ശ്രുതിവാക്യാശയത്തെ അനുസരിച്ചു തന്നെ ത്വിട്ടുകളുടെ പതിയായ സൂർയ്യൻ അസ്തമിക്കുമ്പോൾ തൽപത്നികളായ ത്വിട്ടുകൾ അനുമരണത്തിനായിക്കൊണ്ടെന്നപോലെ അഗ്നിയിൽ

കാണിച്ചുകൊടുക്കുന്നവൻ എന്നർത്ഥം. ൨. കാണിക്കുന്നവൻ. ൩. വിദ്വാൻ.

ദർശനക്കാരൻ-വെളിച്ചപ്പാടൻ

ദർശനങ്ങൾ-സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവ്വമീമാംസ, ഉത്തരമീമാംസ ഇവ ആറും

ദർശനങ്ങൾ-൧. ഗൌതമമഹർഷി സ്ഥാപിച്ച ന്യായം. ൨. കണാദമഹർഷി സ്ഥാപിച്ച വൈശേഷികം. ൩. കപിലമഹർഷി സ്ഥാപിച്ച സാംഖ്യം. ൪. പതഞ്ജലി സ്ഥാപിച്ച യോഗം. ൫. ജൈമിനി സ്ഥാപിച്ച പൂർവ്വമീമാംസ. ൬. വ്യാസൻ സ്ഥാപിച്ച ഉത്തരമീമാംസ. ഇവയത്രെ ഷഡ്ദർശനങ്ങൾ. സാംഖ്യത്തിൽ നിരീശ്വരവാദം കാണുന്നു.

ദർശനം-൧. കാഴ്ച. ൨. കാണുക. മറ്റു പര്യായങ്ങൾ-നിർവ്വർണ്ണനം, നിദ്ധ്യാനം, ആലോകനം, ഈക്ഷണം ൩. കാഴ്ചദ്രവ്യം. ൪. വേദാന്തം മുതലായ ആറു മതങ്ങളിൽ ഒന്നു്. ൫. പുരയുടെ കാഴ്ചപ്പുറം.

ദർശനീയ-വി. ൧. കാണേണ്ടുന്ന. ൨. ഭംഗിയുള്ള.

ദർശം-൧. കറുത്തവാവു്. ശാസ്ത്രംകൊണ്ടു അറിയപ്പെടുന്നതു് എന്നർത്ഥം. സൂര്യചന്ദ്രന്മാർ ഒരുമിച്ചുചേർന്നു കാണപ്പെടുന്നതു് എന്നുമാവാം ൨. കറുത്തവാവുതോറും ചെയ്യുന്ന ഒരു കർമ്മം (ദർശശ്രാദ്ധം) ൩. കാഴ്ച.

ദർശയിതാവു്-൧. കാണിക്കുന്നവൻ. ൨. കാവല്ക്കാരൻ.

ദർശിക്കുന്നു-കാണുന്നു. (കാ-ക്രി-ദർശിപ്പിക്കുന്നു).

ദർശിത-വി. കാണിക്കപ്പെട്ട.

ദലകോമളം-താമര.

ദലന-വി. ഖണ്ഡിക്കുന്ന, പിളർക്കുന്ന.

ദലനം-൧. ഖണ്ഡനം. ൨. പിളപ്പു്.

ദലപം-൧. ആയുധം. ൨. സ്വർണ്ണം.

ദലം, ദളം-൧. ഇല. ൨. ഇതൾ. നശിച്ചുപോകുന്നതു എന്നർത്ഥം ൩. അംശം, ഭാഗം, ൪. അർദ്ധം. ൫. വാളുറ. ൬. തളിർ.

ദലാഢകം-൧. കടൽനുര. ൨. നെന്മേനിവാക. ൩. നാകപ്പൂ. ൪. കാവിമണ്ണ ൫. കൊടുങ്കാറ്റ. ൬. ആനയുടെ ചെവി

ദലികം-൧. തടി, മരം. ൨. മരത്തുണ്ടു്.

ദലിത, ദളിത-വി. ൧. വിടർന്ന. ൨. ഖണ്ഡിക്കപ്പെട്ട.

ദലോത്ഭവം-ദലം എന്നതുതൻ.

ദല്ലാൾ, ദല്ലാളി-ഇടനിലനിന്നു ലാഭം എടുക്കുന്നവൻ (അറബിഭാഷ)

ദവഥു-വ്യാകുലത.

ദവം-൧. കാട്ടുതീ. ൨. കാട്ടു്. ജ്വലിപ്പിക്കുന്നതെന്നർത്ഥം. ൩. കതിര. ൪. അഗ്നി. ൫. ചൂടു്. ൬. പനി. ൭. വേദന.

ദവാഗ്നി-കാട്ടുതീ.

ദവിഷ്ഠ-വി. അതിദൂരത്തുള്ള.

ദവിഷ്ഠം, ദവീയസ്സ്-൧. അതിദൂരം. ൨. അതിദൂരത്തുള്ളതു്.

ദശ-വി. പത്തു്.

ദശ-൧. അവസ്ഥ. അനേകപ്രകാരത്തിലുള്ള അവസ്ഥ. ബാധിക്കുന്നതെന്നർത്ഥം. ൨. മാനം. ൩. വിളക്കിൻതിരി. ൪. പത്തു്. ൫. ഗ്രഹങ്ങളുടെ ഓരോരോ കാലം

ദാർവ്വാഘാടം – മരംകൊത്തിപ്പക്ഷി. മരത്തെ കൊത്തുന്നതു എന്നർത്ഥം.

ദാർവ്വി–പു. മരമഞ്ഞൾ. പിളൎക്കപ്പെടുന്നതെന്നർത്ഥം. വ. മഞ്ഞൾ. ന. ദേവതാരം. ൪. കൊഴുപ്പ.

ദാർവ്വിക–ഒരു പച്ചമരുന്നു, കൊഴുപ്പ. ചക്രംപോലെയുള്ള ഇലകൾ ഉള്ളതു എന്നർത്ഥം. ദാർവ്വീക, ദാർവ്വി എന്നുമാവാം. വ. മരമഞ്ഞൾ കഷായത്തിൽ തുത്തു ചേൎത്തുണ്ടാക്കുന്ന അഞ്ജനം.

ദാലനം–പല്ലുകുത്തു.

ദാലം–പു. ദാലം എന്നു പേരുള്ള തേൻ.

ദാലം എന്ന തേൻ ഛത്രി, കപിലം, അരചി, ഭ്രാമരം, അൎഘ്യം മുതലായവകളാണ്. മഞ്ഞനിറമാണ്, കനം കൂടും. ഇന്ദ്രനീലക്കല്ലിന്റെ ശകലങ്ങൾ പോലെ ഒരുമാതിരി ചെറിയ ഈച്ചയുണ്ട്. മരത്തിന്റെ പൊത്തുകളിൽ ഇതു കൂട്ടങ്ങളുണ്ടാക്കുന്നു. ഇവയുണ്ടാക്കുന്ന തേനിനു ദാലം എന്നു പേർ.

വ. വരക.

ദാലി–പു. താളിമാതളം. വ. ദേവതാളി.

ദാവം–പു. കാട്. വ. കാട്ടുതീ. ദുഃഖിപ്പിക്കുന്നതു എന്നർത്ഥം. ന. കതിര.

ദാവാഗ്നി–കാട്ടുതീ.

'പാണീരേഴിനുമുൾച്ചുടതലിനദശകണ്ഠാഖ്യദാവാഗ്നിയെത്താൻ'
(ഉത്തരരാമായണചമ്പു)

ദാവാനലൻ–കാട്ടുതീ

ദാവികം–സരയൂനദിയിലുണ്ടായതു്. (സ്ത്രീലിംഗം–ദാവികി).

ദാശൻ–മുക്കുവൻ, മത്സ്യംപിടിച്ചു ഉപജീവനം കഴിക്കുന്ന മുക്കവർ മുതലായവരുടെ പേർ. മത്സ്യത്തെ കഴിച്ചു തിന്നുന്നവൻ എന്നർത്ഥം.

ദാശരഥി, ദാശരഥൻ – ശ്രീരാമൻ. (ദശരഥിക്കും പറയാം.)

ദാശ(സ)പുരം–കഴിമുത്തങ്ങ.

ദാശാൎഹൻ–കൃഷ്ണൻ.

ദാശേരൻ–പു. മുക്കുവന്റെ പുത്രൻ. വ. മുക്കുവൻ.

ദാശേരം–ഒട്ടകം.

ദാസൻ –പു. ഭൃത്യൻ. പൎയ്യായങ്ങൾ–ഭൃത്യൻ, ദാസേയൻ, ദാസേരൻ, ദാസൻ, ഗോപ്യകൻ, ചേടകൻ, നിയോജ്യൻ, കിങ്കരൻ, പ്രൈഷ്യൻ, ഭുജിഷ്യൻ, പരിചാരകൻ. വ. മുക്കുവൻ. ന. ശൂദ്രൻ ൪. ബ്രഹ്മത്തെ അറിയുന്നവൻ. ൫ വൃത്രാസുരൻ. ൬. ഒരസുരൻ. ൭. ശൂദ്രരുടെ പേരോടു ചേൎക്കുന്ന ഒരു പദം.

ദാസാനുദാസൻ–ഭൃത്യന്റെ ഭൃത്യൻ.

ദാസി–പു. വേലക്കാരത്തി. വ. ശൂദ്രസ്ത്രീ ന. ഒരു പൂച്ചെടി, നീലക്കുറിഞ്ഞി, കരിംകുറിഞ്ഞി, മുൾകുറിഞ്ഞി, മഞ്ഞക്കുറിഞ്ഞി. ൪ മുക്കുവസ്ത്രീ. ൫. വേശ്യാ.

ദാസീസഭം–ദാസികളുടെ കൂട്ടം.

ദാസേയ–വി. ദാസനിൽനിന്നു ജനിച്ച.

ദാസേയൻ–ദാസൻ, ഭൃത്യൻ. ദാസിയുടെ അപത്യം എന്നർത്ഥം

ദാസേര–വി. ഭൃത്യനിൽ നിന്നു ജനിച്ച.

ദാസേര(ക)ൻ–പു. ഭൃത്യൻ. വ. മുക്കുവൻ. ദാസിയുടെ അപത്യം എന്നർത്ഥം.

ദാസേര(ക)ം–ഒട്ടകം.

ദാസ്യം–അടിമ, ദാസ്യപ്രവൃത്തി.

ദാസ്യവൃത്തി–അടിമയിൽ ഇരിക്ക.

## ദീ

ദീക്ഷ-൧. മരിച്ചവൎക്കുവേണ്ടി ഒരു സംവത്സരം ചെയ്യുന്ന കൎമ്മം. ൨. യാഗം. ൩. വ്രതം ൪. ഏതെങ്കിലും ഒന്നിനെക്കുറിച്ചു കാത്തു വ്രതമായിരിക്ക.

ദീക്ഷാന്തം-൧. ദീക്ഷയുടെ അവസാനം, ൨. യാഗാവസാനം. യാഗത്തിങ്കൽ ദീക്ഷയുടെ അവസാനത്തിൽ ന്യൂനാതിരേക ദോഷപരിഹാരത്തിനായിക്കൊണ്ടു ചെയ്യുന്ന ഇഷ്ടി. ൩. യജ്ഞാന്തസ്നാനം.

ദീക്ഷാപതി-ചന്ദ്രൻ.

ദീക്ഷിക്കുന്നു൧. മരിച്ചവൎക്കുവേണ്ടി സംവത്സരം കൎമ്മംചെയ്യുന്നു. ൨. അനുഷ്ഠിക്കുന്നു. ൩. യാഗംചെയ്യുന്നു

ദീക്ഷിത-വി. ദീക്ഷിച്ച.

ദീക്ഷിതൻ-സോമയാഗം ചെയ്യുന്നവൻ, സോമയാഗത്തിൽ ഋത്വിക്കുകളെ ആദേശിക്കുന്ന യജമാനൻ.

[സോമപാനമുള്ള യാഗം=സോമയാഗം ഈ യാഗം ചെയ്യുവനെ പരദേശങ്ങളിൽ 'ദീക്ഷിതർ' എന്നു പറയുന്നു]

ദീദിവി-വി. എഴുന്നേററ.

ദീദിവി-൧. ചോറ്. ഇതുകൊണ്ടു ക്രീഡിക്കുന്നു. ഇതില്ലെങ്കിൽ എല്ലാത്തരം ക്രീഡയും മാറിപ്പോകും ൨. ബൃഹസ്പതി.

ദീധിതി-രശ്മി. ശോഭിക്കുന്നതു് എന്നൎത്ഥം

ദീന-വി ൧ രോഗമുള്ള ൨. ദാരിദ്ര്യമുള്ള

ദീനത-ദീനഭാവം.

ദീനൻ-൧. ദരിദ്രൻ ക്ഷയിച്ചവൻ എന്നൎത്ഥം. ൨. വലഞ്ഞവൻ.

ദീനം-൧. ദണ്ഡം. (അടിയോൽ എന്നതു നോക്കുക.) ൨. തകറാ.

ദീനാരം-൧ ഒരുവക പൊൻ നാണയം. ൨. ഒരു പൊൻകണക്ക്.

ദീപ്-ദീപ്. (പഴയ മലയാളം)

ദീപക-വി. ൧. ശോഭിക്കുന്ന. ൨. ജ്വലിക്കുന്ന.

ദീപകം-൧. വിളക്ക്. ൨. തിരിമേൽ കത്തിനില്ക്കുന്ന തീ, അലങ്കാരശാസ്ത്രപ്രകാരമുള്ള അലങ്കാരങ്ങളിൽ ഒന്ന്. ൩. സുഗന്ധമുള്ള ഒരു കുരു. ൪. മയിലോശിക. ൫ ജീരകം. ശോഭിക്കുന്നതു് എന്നൎത്ഥം. ൬. അയമോദകം. ൭. കുംകുമം. ൮. പരുന്തു. ൯. ദീപംപോലെയുള്ളതു്.

ദീപകിട്ടം-വിളക്കുമഷി.

ദീപധ്വജം-൧. വിളക്കുതണ്ട്. ൨. വിളക്കുമഷി.

ദീപന-വി ൧. ജ്വലിപ്പിക്കുന്ന, പ്രകാശിപ്പിക്കുന്ന. ൨. ദഹിപ്പിക്കുന്ന

ദീപനം-൧. ദഹിപ്പിക്കുക. ൨. ദഹനം. ൩ കുങ്കുമം. ൪. തകരം. ൫ മയിലോശിക. ൬. വലിയ വെള്ളുള്ളി. ൭ പൊന്നാവീരം.

ദീപനി-വി. ദഹനശക്തിയുള്ള.

ദീപനി-൧ സുഗന്ധമുള്ള ഒരു കുരു. ൨. പാട. ൩. ഉലുവം.

ദീപവൃക്ഷം-ചമ്പകം.

ദീപാ-തിരിമേൽ കത്തിനില്ക്കുന്ന തീ, വിളക്ക പ്രകാശിക്കുന്നതു എന്നൎത്ഥം മററൊരു പൎയ്യായം-പ്രദീപം.

ദീപയഷ്ടി-ഒരുമാതിരി പന്തം, തീവട്ടി

ദീപസ്തംഭം-൧. കമ്പവിളക്ക്. ൨ വിളക്കുതൂൺ, വിളക്കുമരം.

ദീപാന്ധം-൧. പെരുച്ചാഴി. ൨. പ്രാവു

ദീപ്യമാന-വി. പ്രകാശിക്കുന്ന

ശ്രീപത്മനാഭചരിതവിഷയം

വിരാവാട്ടവാസ്തവ്യ

ജജി. പത്മനാഭ കവിയിന്റൊരു

നല്പ്രബന്ധം

ശ്രീപാരമാൻ കവിപുംഗവ
രംഗമാല്യ
ദീപായമാന ശുചിപൂൎണ്ണ-
വിളക്കിലാട്ടു
(പാണ്ഡവവിജയം-അന്നമോദനം)

ദീപാരാധന-ക്ഷേത്രങ്ങളിൽ ഒരുമാതിരി വിളക്കുകൊളുത്തി ഉഴിയുക.

ദീപാളി-ന. തുലാമാസത്തിലുള്ള ഒരു പുണ്യദിവസം. ൨. വിളക്കുകളുടെ കൂട്ടം. (ദീപ + ആളി)

ദീപാളികുളിക്ക-പാപ്പരാവുക(ശൈലി)

ദീപിക-ന. വിളക്ക്. ൨. കരിഞ്ചീരകം. ൩. ചൂട്ട്. ൪. തീക്കൊള്ളി.

ദീപിക്കുന്നു-ക്രി. കത്തുന്നു. ൨. പ്രകാശിക്കുന്നു. ൩. ദഹിക്കുന്നു.

ദീപിത-വി. ന. പ്രകാശിപ്പിക്കപ്പെട്ട. ൨. ജ്വലിപ്പിക്കപ്പെട്ട.

ദീപ്ത-വി പ്രകാശിച്ച. ൨. ജ്വലിച്ച.

ദീപ്തം-ന. ഒരുവക നാസാരോഗം.

മൂക്കിനു വളരെ ചൂടുണ്ടായാൽ അതിൽ വായു പുക എന്നപോലെ സഞ്ചരിക്കും. വളരെ ജ്വലിച്ചിരിക്കുന്നുവെന്നും തോന്നും. ഇതത്രേ ലക്ഷണം. ൨. വെള്ളോട്ട്. ൩. വട്ടകപ്പൂമിനാരകം. ൪. സിംഹം.

ദീപ്താ-ന. ചെറുപുന്ന. ൨. മേന്തോന്നി. ൩. ചമ്മലത.

ദീപ്താക്ഷം-പൂച്ച.

ദീപ്താംഗം-മയിൽ.

ദീപ്തി-ന. ശോഭ. ൨. തേജസ്സ്. ൩. നായികാശ്രിതങ്ങളായ ഭാവ അലങ്കാരങ്ങളിൽ ഒന്ന്. ൪. അരക്ക. ൫. വെള്ളോട്.

ദീപ്തോപലം-സൂര്യകാന്തക്കല്ല്.

ദീപ്യ-വി. ദീപിപ്പിക്കപ്പെടുവാൻതക്ക.

ദീപ്യ(ക)ം-ന. കരിഞ്ചീരകം, ജീരകം. ൨. അയമോദകം. ദീപനത്തിനു നല്ലതെന്നൎത്ഥം. ൩. മയിലോശിക.

ദീപ്യമാന-വി. ശോഭിച്ചിരിക്കുന്ന.

ദീപ്യമാനം-പ്രകാശിക്കുന്നതു്.

ദീപ്രം-ന. പ്രകാശിച്ചിരിക്കുന്നതു്. ൨. രീതികളിൽ ഒന്ന് (സാഹിത്യസാഹ്യപ്രകാരം)

ശബ്ദത്തിനു പ്രസാദാദികളും അൎത്ഥത്തിനു ഉപമാദികളുമായി നടപ്പുള്ള അലങ്കാരങ്ങളെ കഴിയുന്നിടത്തോളം ചേൎക്കുന്നതത്രേ ദീപ്രം. ഇതിനു വിപരീതം-ശാലീനം.

ദീൎഘ-വി. നീളമുള്ള.

ദീൎഘകണ്ട(ക)ം-വെൾവേലം.

ദീൎഘകണ്ഠ(ക)ം-കൊക്ക്.

ദീൎഘകന്ധരം-കൊക്ക്.

ദീൎഘകന്ധരാ-വെള്ളിപ്പക്ഷി.

ദീൎഘകാലം-വളരെക്കാലം.

ദീൎഘകേശം-കരടി.

ദീൎഘകോശക, ദീൎഘകോഷിക, ദീൎഘകോശി-ന. ഒരുവക കക്ക. ൨. ഞണ്ടുയോടു സാദൃശ്യമുള്ള ഒരു ജലജന്തുവിശേഷം. ൩. ആണയട്ട. ൪. ഞവണിയുടെ രൂപത്തിലുള്ള ഒരു ജലജന്തുവിശേഷം. ൫. മണ്ണട്ട.

ദീൎഘഗതി-ഒട്ടകം.

ദീൎഘഗ്രീവം-ന. ഒട്ടകം. ൨. കരിഞ്ഞാറൽ പക്ഷി.

ദീൎഘഘണ്ട(ക)ം-കൊക്ക്.

ദീൎഘഘാടികം-ഒട്ടകം.

ദീൎഘച്ഛദം-ന. കരിമ്പ്. ൨. തേക്കരം.

ദീൎഘജംഘം-ന. കൊക്ക്. ൨. ഒട്ടകം.

ദീൎഘജിഹ്വം-ന. പാമ്പ്. ൨. നായ്.

ദീൎഘത-നീളം.

ദീർഘാസ്യം-ആന.

ദീർഘികാ-ഫ. വലുതായ കുളം, പൊയ്ക. വ. നെടുംകേണി. അത്യന്തം നീണ്ടുകിടക്കുന്നതു് എന്നൎത്ഥം. ന. കറിക്കായം.

ദീവ്-ദ്വീപ്.

## ദു

ദുകൂലം-ഫ. പട്ട്, വെളുത്തവസ്ത്രം. വ. വെളുത്ത പട്ടുവസ്ത്രം. ദുഷ്ടമായതിനെ മറയ്ക്കുന്നതു് എന്നൎത്ഥം.

കാച്ചു കശരീരനായിരുന്നാലും വെളുത്തവസ്ത്രം ധരിക്കുമ്പോൾ അല്പമെരു സുന്ദരനായി ഭവിക്കുമെന്നു താല്പൎയ്യം.

ദുക്കാണി- കച്ചവടക്കാരൻ. (പെൎഷ്യൻ ഭാഷ.)

ദുഗ്ദ്ധഫേനി-ഒരുതരം ചെറിയവൃക്ഷം.

ഭൂമിയിൽനിന്നു ഒരു മുഴംവരെ ഉയരും. ഇല എരുക്കിൻപോലെ നീണ്ടിരിക്കും. പാൽ വളരെ കാണും. പൂവു വട്ടത്തിലിരിക്കും. കായ്ക്കു ഭംഗിയുണ്ടു്. വാതത്തെ നശിപ്പിക്കും. രുചിയെ ഉണ്ടാക്കും. വ്രണത്തെ വററും.

ദുഗ്ദ്ധം-പാൽ. കറന്നെടുത്തതു് എന്നൎത്ഥം. മററ പൎയ്യായങ്ങൾ—ക്ഷീരം, പയസ്സ്.

ദുഗ്ദ്ധാബ്ധി-പാൽക്കടൽ.

ദുഗ്ദ്ധാംബുധി-പാൽക്കടൽ.

ദുഗ്ദ്ധാരി-പൂച്ച.

ദുഗ്ദ്ധിക-ഒരു പച്ചമരുന്ന്, കിറ(ഞി)കിണിപ്പാല. ധാരാളം പാലുള്ളതു് എന്നൎത്ഥം. ചെറുപാല, എരുമക്കള്ളി ഇങ്ങിനെയും അഭിപ്രായം കാണുന്നു. മററൊരു പൎയ്യായം-ക്ഷീരാവി.

ദുണ്ഡുകം-പലകപ്പയ്യന. ഡുണ്ഡുകം എന്നതിൻെറ പാഠം.

ദുണ്ഡുഭം-ചേര. ഡുണ്ഡുഭം എന്നതിൻെറ പാഠം.

ദുന്ദു-ഫ. കൃഷ്ണൻെറ് പിതാവായ വസുദേവൻ. വ. ഒരു വാദ്യം.

ദുന്ദുടൻ-ശിവൻ.

ദുന്ദുഭി-ഫ. ഒരു വാദ്യം, പെരുമ്പറ. ദുംദും എന്നുള്ള ശബ്ദംകൊണ്ടു പ്രകാശിക്കുന്നതു്, മേൽപറഞ്ഞ പ്രകാരമുള്ള ശബ്ദംകൊണ്ടു ആകാശത്തെ നിറയ്ക്കുന്നതു് ഇങ്ങിനെ ശബ്ദാൎത്ഥം. വ. ഇരട്ട. ന. കവറകുണ്ണ്. ര. അറുപതിൽ ഒരുവൎഷം. ല. പകിടക്കരു. ഞ. ഒരസുരൻ.

ദുന്ദുഭി എന്ന അസുരനെ ബാലി നിഗ്രഹിച്ചു. ശ്രീരാമൻെറ ബലം പരീക്ഷിപ്പാനായി ഈ ദുന്ദുഭിയുടെ തലയോടു സുഗ്രീവൻ കാണിച്ചുകൊടുക്കയും ഇതിനെ എടുത്തെറിയുന്ന ആൾ ബാലിയെ വധിപ്പാൻ ശക്തനാണെന്നു പറകയും ചെയ്തു. ഭഗവാൻ ഇതിനെ കാൽപെരുവിരൽകൊണ്ടു വളരെദൂരം എടുത്തെറിഞ്ഞതായി രാമായണം വിവരിക്കുന്നു.

ര. മൃത്യു. വ്യ. വിഷ്ണു. ൻ. കൃഷ്ണൻ. ഫം. വരുണൻ.

ദുന്ദുരാ-കാട്ടുചീര.

ദുനിയാവ്-രാജ്യം.

ദുബാശ്, ദിഭാഷി—പരിഭാഷകൻ. (ഹിന്ദുസ്ഥാനി ഭാഷ.)

ദുർ-അ. ഇതു ചില വാക്കുകളുടെ ആദിയിൽ വരുമ്പോൾ നിന്ദ്യം, പ്രയാസം, ഇല്ലാത്ത, കഷ്ടത ഇങ്ങിനെ പല അൎത്ഥങ്ങൾ വരും.

ദുര അത്യാശ

ദുരത്യയ-വി. വേഗത്തിൽ കടന്നുകൂടാൻ പാടില്ലാത്ത.

ദുരദൃഷ്ടി-ദുർവ്വിധി.

ദുരദൃഷ്ടം-ദുഷ്കാലം, ഭാഗ്യദോഷം.

ദുരധ്വാ-ചീത്തവഴി ദുഷ്ടമായ വഴി എന്നൎത്ഥം.

ക്ഷയുണ്ടായിട്ടുണ്ട്. താൻ ഒരു മാല കെട്ടത്തിനെ നിസ്സാരമായി കരുതിയതാണ അതിന്റെ കാരണം (പാഞ്ചാലിമഹാരാം കഥ നോക്കുക.) കൃഷ്ണനേയും ഒരിക്കൽ ശപിച്ചു. ഇതിന്റെ ഹേതു പായസ്പരമിന്നു ഭക്ഷിച്ചശേഷം അംഗത്തിന്റെ കാൽ വെടിപ്പാക്കാത്തതാണ്. ശാപം അപമൃത്യു ഉണ്ടാകും എന്നായിരുന്നു. കുന്തിക്കു അനുഗ്രഹിച്ചു മന്ത്രം നൽകിയതും ഈ മഹർഷിതന്നെ, ദുർവ്വാസസ്സിന്റെ ൧൦൦൦൦ ശിഷ്യന്മാരുണ്ട്. പാണ്ഡവന്മാർ വനവാസം തുടങ്ങി ൧൧ വർഷം കഴിഞ്ഞതിൽ പിന്നെയാണ് ദുര്യോധനാദികൾ ദുർവ്വാസസ്സിനെ ധർമ്മപുത്രരുടെ അടുക്കലേക്ക പറഞ്ഞയക്കുന്നതു്.

'ശർവാംശജാതനായൊരു മുനീന്ദ്രനാം
ദുർവ്വാസാവിനെ കൊണ്ടുത്തവരും
[പോയവർ'
(ഭാരതം)

'ദുർവ്വാസാവു ശപിച്ചാൽപിന്നൊരു
നിർവ്വാഹവുമില്ലെന്നുടെകാന്ത'
(പാത്രചരിതം തുള്ളൽ)

ദുർവ്വിധ-വി. ൧. ദുർബ്ബുദ്ധിയുള്ള. ൨. ദുർന്നടപ്പുള്ള. ൩. ദാരിദ്ര്യമുള്ള.

ദുർവ്വിധൻ-ഹരിദ്രൻ. ചീത്തപ്രകാരത്തിലുള്ളവൻ എന്നർത്ഥം.

ദുർവ്വിധി-ദുഃഖാനുഭവത്തിന് ഇടയാകുന്ന വിധി.

ദുർവ്വിനീത-വി. അടക്കമില്ലാത്ത, വിനയമില്ലാത്ത, ദുഷ്ടതയുള്ള.

'ഉർവ്വിതന്റെ പരിരക്ഷചെയ്യുവ
ദുർവ്വിനീതജന ശാസിതാപൗരവൻ'
(അഭിജ്ഞാനശാകുന്തളം)

ദുർവ്വിനീതൻ-പു. ദുഷ്ടൻ. ൨. ഇണക്കാവരാത്ത കുതിര.

ദുർവ്വിപാകം-ദുർവ്വിധി, അപകടം വരത്തക്ക പതനം.

ദുർവ്വിഭാവ്യ-വി. അചിന്ത്യമായുള്ള.

ദുർവ്വിലസിതം-മുട്ടുസ്വഭാവം, വക്രമതം.

ദുർവ്വിലാസം-ദുർഭാഗ്യം.

ദുർവ്വൃത്ത്-പു. അപമാനമായിട്ടു നിത്യവൃത്തി കഴിക്കുക. ൨. ദുശ്ശീലം.

ദുർവ്വൃത്ത-വി. ദുഷ്പ്രവൃത്തിയുള്ള.

ദുർവ്വൃത്തി-പു. അപമാനമായിട്ടു നിത്യവൃത്തി കഴിക്കുക. ൨ ദുശ്ശീലം.

ദുർവ്യയം-പാഴ്ചെലവ്, കൈക്കൂലി.

ദുർവ്യാപാരം-പു ദുർന്നടപ്പ്. ൧. ചീത്തപ്രവൃത്തി. ൨. അന്യായക്കച്ചവടം. ൩. ആഭിചാരം.

ദുർവ്യാപാരി-വി. ൧. ദുർന്നടപ്പുള്ള. ൨. ചീത്തപ്രവൃത്തിയുള്ള. ൩. അന്യായക്കച്ചവടം ചെയ്യുന്ന. ൪. ആഭിചാരം ചെയ്യുന്ന.

ദുർഹൃത്ത്-ശത്രു. ദുഷ്ടമായ ഹൃദയത്തോടു കൂടിയവൻ എന്നർത്ഥം.

ദുശ്ചരം-പു. കരടി. ൨. കക്കാ.

ദുശ്ചരിത-വി. ചീത്തപ്രവൃത്തിയുള്ള.

ദുശ്ചരിതം-ചീത്തപ്രവൃത്തി, ദുർന്നടപ്പ്.

ദുശ്ച്യവനൻ-ഇന്ദ്രൻ. ച്യവനമഹർഷിയുടെ തപോബലത്തെ സഹിക്കാത്തവൻ, അഹല്യാഗമനം ഹേതുവായിട്ടു അധഃപതനം വന്നവൻ.

അശ്വിനീദേവകൾ സുകന്യയുടെ ഭർത്താവായ ച്യവനമഹർഷിയുടെ ജരാനരതീർത്തു യൌവ്വനം നൽകി എന്നും അതിനു പ്രതിഫലമായി അശ്വിനിദേവകൾക്കു യാഗഭാഗം കല്പിച്ചു എന്നും ഉടൻ ഇന്ദ്രൻ കോപിച്ചു മഹർഷിയുടെ നേരെ വജ്രം ഓങ്ങിയപ്പോൾ ഇന്ദ്രന്റെ കൈ

ഈ യന്ത്രം ഒന്നാമതായി സൃഷ്ടിച്ചതു പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇററലിരാജ്യത്തെ ഒരു ജ്യോതിശ്ശാസ്ത്ര പണ്ഡിതനായ ഗലീലിയോ Galileo എന്ന മഹാനാണ്.

ദൂരട്ടിക്കൽ-ഋ. വിളോൻ. ഉ. കഴുകൻപക്ഷി.

ദൂരദൃഷ്ടി-ദൂരത്തുകാണുന്ന കാഴ്ച, മുൻകൂട്ടി കാണുക.

ദൂരം-ഋ. അകലം. ദൂരേണ പ്രാപിക്കപ്പെട്ടതു എന്നർത്ഥം. മററൊരു പര്യായം-വിപ്രകൃഷ്ട(ക)ം.

ദൂരത്തുള്ളതു എന്നതിന്റെ പര്യായങ്ങൾ ഇവ രണ്ടുംതന്നെ. ദവീയസ്സ്, ദവിഷ്ഠം, സുദൂരം—ഇവ ന-ം അതിദൂരത്തുള്ളതിന്റെ അല്ലെങ്കിൽ അതിദൂരത്തിന്റെ പേർ.

ഉ. ഭേദം.

ദൂരവെ-അ. അകലെ.

ദൂരസ്ഥ-വി. ദൂരദേശത്തിലിരിക്കുന്ന.

ദൂരാൽ-അ. ദൂരെനിന്നും.

ദൂരീകരിക്കുന്നു-ദൂരെയാക്കുന്നു.

ദൂരീഭവിക്കുന്നു-ദൂരെയായിത്തീരുന്നു.

ദൂരീകൃത-വി. ദൂരത്താക്കപ്പെട്ട.

ദൂരെ-അ. അകലെ.

ദൂരേരിതേക്ഷണ-വി. കോങ്കണ്ണുള്ള.

ദൂർവ്വ-ഋ. കറുകപ്പുല്ല്. രോഗങ്ങളെ ഹിംസിക്കുന്നതു എന്നർത്ഥം. ഉ. പെരുങ്കറുമ്പ.

ദൂലികാ, ദൂലി-അമരി.

ദൂഷ്യം-ക്രൂരം.

ദൂഷക - വി. ദുഷിപ്പിക്കുന്ന, ചീത്തയാക്കുന്ന.

ദൂഷണത്രയം-വാതം, പിത്തം, ശ്ലേഷ്മം

ദൂഷണൻ-രാവണന്റെ സേനാപതിയായ ഒരു രാക്ഷസൻ.

ഇവനെ രാമചന്ദ്രൻ വധിച്ചു.

ദൂഷണം-ഋ. ദോഷം. ഉ. ഏഷണി ന. നിന്ദ.

അർത്ഥം സംബന്ധിച്ച മുഖ്യ ദൂഷണം ഉ വിധം. ഋ അപാത്രത്തിൽ താല്പര്യം, ഉ. സൽപാത്രത്തിൽ വൈമുഖ്യം.

ദൂഷികാ, ദൂഷി-കണ്ണിൻപീള. നേത്രത്തെ ദുഷിപ്പിക്കുന്നതു എന്നർത്ഥം.

ദൂഷിത-വി. ഋ ചീത്തയാക്കപ്പെട്ട. ഉ. കേടുവരുത്തിയ. ന കുററപ്പെടുത്തിയ.

ദൂഷീവിഷം-ഒരുവക വിഷഭേദം.

അധികമായ കാററ, ശൈത്യം, പുഷ്ടി, അശുചിദേശവാസം, ശീതകാലം, മുതിര മുതലായ ധാന്യങ്ങൾ കൊണ്ടും പകലുറക്കം നിമിത്തവും വീണ്ടും വീണ്ടും ദുഷിപ്പിക്കപ്പെട്ട വിഷം യാതൊന്നുമൂലം ധാതുക്കളെ ദുഷിപ്പിക്കും തന്മൂലം അതിന്നു ദൂഷീവിഷം എന്ന പേർ സിദ്ധിച്ചു.

ദൂഷ്യ-വി. ദുഷിപ്പിക്കപ്പെടുവാൻ തക്ക.

ദൂഷ്യ-ആനയുടെ കച്ചക്കയർ. ആനയെ വികൃതമാക്കിച്ചെയ്യുന്നതു എന്നർത്ഥം. ദൂഷ്യം, ദൂഷ്യ ഇവ പാഠഭേദങ്ങൾ.

ദൂഷ്യം-ദൂഷണം, കറരം. (സം) ക്രൂരം.

ദൂഷ്യം പറയുന്നവന്റെ പര്യായങ്ങൾ-കവചൻ, കുചരൻ.

# ദൃ

ദൃക്-ഋ. കണ്ണ്. ഉ. ഗണിതത്തിനുള്ള ഒരു പ്രമാണഗ്രന്ഥം, ന. അറിവ്.

ദൃക്പാതം-കടാക്ഷം ദൃക്കിന്റെ പാതം എന്നർത്ഥം,

ദൃക്പാതംതമ്മിൽസ്മിതാഭാനനയമൊരുക്

പാതമാത്രം പ്രസാദം

(അമരുകശതകം)

ദൃക്ശ്രുതി-പാമ്പ്.

ദൃക്കർണ്ണ-പാമ്പ്.

ദൃഗ്ഗണിതം-വി. ദൃക്പ്രമാണമായി ഗണിക്കപ്പെട്ട.

ദ്യൂതകാരകൻ-ചൂതുകളിപ്പിക്കുന്നവൻ. രണ്ടുകക്ഷികളിലും ദ്രവ്യംവാങ്ങോട്ട ചൂതുവച്ചുകൊടുക്കയും മറ്റും ചെയ്തു കളിനടത്തുന്നവർക്കാ പറയാമെന്നു കാണുന്നു.

ദ്യൂതകാരൻ-ചൂതുകളിക്കാരൻ.

ദ്യൂതകൃത്ത്-ചൂതുകളിക്കാരൻ.

ദ്യൂതബീജം-കവടി.

ദ്യൂതം-ചൂത്, ചൂതുകളി.

'ചൊംദ്യൂതത്തിലുംവിദുരനിലയനേ
മന്ത്രംസന്നിധായ'

(കിമ്മീരവധം കഥകളി)

ദ്യൂനം-ഏഴാമിടം.

ദ്യോതകം-കാണിക്കുന്നത്, പ്രകാശിപ്പിക്കുന്നത്, സൂചിപ്പിക്കുന്നത്.

ദ്യോതനം-൧. വെയിൽ, ശോഭിക്കുന്നത് എന്നർത്ഥം. ൨. പ്രകാശം. ൩. വിളക്ക്.

ദ്യോതം-൧. വെയിൽ. ൨. പ്രകാശം.

ദ്യോതിത-വി. ൧. പ്രകാശിപ്പിക്കപ്പെട്ട. ൨. പ്രകാശിച്ച.

ദ്യോവ്-൧. സ്വർഗ്ഗം. ൨. ആകാശം.

ദ്യൌസ്-വേദങ്ങളിൽ പറഞ്ഞിട്ടുള്ള ഒരു ദേവൻ, ഉഷസ്സിന്റെ പിതാവ്.

## ദ്ര

ദ്രക(ഗ)ടം-ഉറക്കം ഉണർത്തുവാനുള്ള ഒരു വക വാദ്യം.

ദ്രഢിമാവ്-ഉറപ്പ്.

ദ്രഢിഷ്ഠ-വി. ഉറപ്പുള്ള.

ദ്രപ്സം-നേർവെള്ളം, കൊഴുപ്പുകുറഞ്ഞ തൈർ. ദ്രപ്സ്യം എന്ന പാഠവും കാണുന്നുണ്ട്. ചിലർ അടിതൈർ-ദ്രപ്സം, നടുതൈർ-ഘനം, മേൽതൈർ-ശരം (സരം) ഇങ്ങിനെയും പറയുന്നു.

ദ്രമിഡന്മാർ-ചോളന്മാർ, കേരളന്മാർ, പാണ്ടിക്കാർ ഇവർ.

ദ്രമിളം-ഒരു രാജ്യം. ഇതിന്റെ കടലോരമാണ് കേരളം.

ദ്രവണം-൧. പോക്ക്. ൨. ഉരുകൽ.

ദ്രവത്-വി. ഓടുന്ന.

ദ്രവന്തി-൧. ഒരു പച്ചമരുന്ന്, എലിച്ചെവി(യൻ), ഓടുന്നത്, വേഗം പടർന്നുപിടിക്കുന്നത് എന്നർത്ഥം. ൨. നദി. ൩. വലിയമന്തി.

ദ്രവം-൧. ഉരുകൽ. ൨. പോക്ക്. ൩. ക്രീഡ. മനസ്സലിയുന്നത് എന്നർത്ഥം. ൪. സാരം. ൫. ഓട്ടം. ൬. ചലം. ൭. പവിഴം. ൮. മോര്. ൯. മീൻ.

ദ്രവംഗം-വെള്ളത്തീയം.

ദ്രവരസാ-അരക്ക്.

ദ്രവിക്കുന്നു-൧. ഉരുകുന്നു. ൨. ഓടുന്നു. [സ. ക്രി. ദ്രവിപ്പിക്കുന്നു.]

ദ്രവിണം-൧. ധനം.

'നാനാരത്നദ്രവിണമണിയാ
ൻറാവണാശ്രേണിതോറം'

(ഉണ്ണുനീലീസന്ദേശം)

൨. ശക്തി. നശിച്ചുപോകുന്നത് എന്നർത്ഥം. ൩. പരാക്രമം. ഔന്നത്യത്തെ പ്രാപിപ്പിക്കുന്നതെന്നർത്ഥം, ൪. സ്വർണ്ണം.

ദ്രവ്യ-വി. തക്കതായ, ചേർച്ചയുള്ള.

ദ്രവ്യകൻ-ചുമട്ടുകാരൻ.

ദ്രവ്യങ്ങൾ-ഭൂമി, ജലം, അഗ്നി, വായു, ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ്സ് ഇവ ഒൻപതും.

ദ്രവ്യദണ്ഡം-പ്രായശ്ചിത്തം നിശ്ചയിക്ക

ദ്രവ്യനാശം-ചേതം, മുതൽനഷ്ടം.

ദ്രവ്യം-൧. സമ്പത്ത്, വസ്തു, ധനം. നശിച്ചുപോകുന്നതെന്നർത്ഥം.

ദ്വിതീയ-വി. രണ്ടാമത്തെ.

ദ്വിതീയ-നാ. രണ്ടാംതിഥി. ഉ. രണ്ടാം വിഭക്തി. ൨. ഭാൎയ്യ. രണ്ടു തികയ്ക്കുന്നവൾ എന്നൎത്ഥം. സീതാദ്വിതീയൻ = സീതയാകുന്ന ഭാൎയ്യയോടു കൂടിയവൻ. സീതയോടുകൂടിയപ്പോൾ രണ്ടാൾ തികഞ്ഞു എന്നു താല്പൎയ്യം.

ദ്വിതീയവയസ്സ്-യൌവനം.

ദ്വിതീയാകൃത-ഇരുച്ചാലുഴുത നിലം.

ദ്വിതീയാഭാ-മരമഞ്ഞൾ.

ദ്വിത്രിരുക്തം-രണ്ടു മൂന്നുവട്ടം പറക.

ദ്വിത്വം-രണ്ടെന്നുള്ള ഭാവം.

ദ്വിധാ-അ. രണ്ടുപ്രകാരം.

ദ്വിധാഗതി-ഞണ്ടു്.

ദ്വിധാത്മകം-ജാതിക്ക.

ദ്വിപക്ഷം-വിഷമസ്ഥിതം. ഒരേ സമയത്തു സൌകൎയ്യമില്ലാത്ത രണ്ടു പ്രവൃത്തികൾ ചെയ്യേണ്ടതത്യാവശ്യമായി വരിക

ദ്വിപദ-വി. രണ്ടു കാലുള്ള.

ദ്വിപം-നാ. ആന. 'ദ്വാഭ്യാം തുണ്ഡാമുഖാഭ്യാം പിബതി' കൈകൊണ്ടും മുഖംകൊണ്ടും പാനം ചെയ്യുന്നതു്. ആദ്യം തുമ്പിക്കൈകൊണ്ടു പാനംചെയ്യുക; പിന്നീടു ആ ജലത്തെ വായിലാക്കി കുടിക്കുക.

'മത്തദ്വിപപ്രൌഢമന്ദസഞ്ചാരിണീ'

ഉ. നാകപ്പൂവു്.

ദ്വിപാ-പിടിയാന,

ദ്വിപാത്തു്-വി. രണ്ടു കാലുള്ള.

ദ്വിപാദ്യം-ഇരട്ടിശ്ശിക്ഷ, നിയമപ്രകാരം ശിക്ഷിക്കേണ്ടതിൽ ഇരട്ടിയായ ശിക്ഷ. രണ്ടു പാദങ്ങൾ (പരിണാമങ്ങൾ) ഉള്ളതു എന്നൎത്ഥം.

ദ്വിഭാഷി-രണ്ടുഭാഷ സംസാരിക്കുന്നവൻ

ദ്വിബുക്കു്-കിളി.

ദ്വിമാതൃജൻ-നാ. ഗണപതി. ഉ. രണ്ടമ്മ മകൻ.

ദ്വിരദനം-ആന.

ദ്വിരദം-ആന. രണ്ടു വിശേഷപ്പെട്ട പല്ലുകൾ (കൊമ്പുകൾ) ഉള്ളതു എന്നൎത്ഥം.

'ദ്വിരദവദനനാകും ദേവനേയും
[പ്രമോദാൽ'

ദ്വിരദാന്തകം-സിംഹം.

ദ്വിരദാരാതി-നാ. സിംഹം. ഉ. എട്ടടിമാൻ.

ദ്വിരദാശനം-നാ. സിംഹം. ഉ. അരയാൽ.

ദ്വിരസനം-പാമ്പു്. രണ്ടു നാവുള്ളതു എന്നൎത്ഥം.

ദ്വിരാപം-പാമ്പു്.

ദ്വിരുക്തം-വി. രണ്ടുവട്ടം പറയപ്പെട്ട.

ദ്വിരുക്തി-രണ്ടുപ്രാവശ്യം ഒരു പദം പ്രയോഗിക്ക.

ദ്വിരേഫം-വണ്ടു്. ഭ്രമരം എന്ന പൎയ്യായത്തിൽ രണ്ടു രേഫാക്ഷരങ്ങൾ ഉള്ളതുകൊണ്ടു ഈ പേർ സിദ്ധിച്ചു

ദ്വിവചനം-രണ്ടു വാക്കു്, രണ്ടാമത്തെ വചനം.

ദ്വിവൎഷാ-രണ്ടു വയസ്സു് പ്രായമായ പശു.

ദ്വിവിദൻ-നാ. വാനരശ്രേഷ്ഠനായ ഒരസുരൻ.

ബലരാമനുമായി യുദ്ധം ഉണ്ടായി. കാരണം ദ്വിവിദൻ ഹലായുധം മോഷ്ടിച്ചതായിരുന്നു. ദ്വിവിദൻ തോല്പിക്കപ്പെട്ടു. ഇവൻ ഒരു പൎവ്വതത്തിന്മേൽ വീണു. അനന്തരം അതു ദ്വിവിദന്റെ ദേഹത്തിന്റെ ഘനം നിമിത്തം ഖണ്ഡഖണ്ഡമായി ചിതറി.

ഉ. ശ്രീരാമന്റെ ഒരു വാനരസേനാപതി.

